2025
DECEMBER
05
FRIDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## അദാനിക്കും കേരളത്തിനും കരുത്തായി വിഴിഞ്ഞം
# ചരക്കുനീക്കത്തിൽ റെക്കോർഡ്, എത്തിയത് 600ലേറെ കപ്പലുകൾ

**തിരുവനന്തപുരം:** ഇന്ത്യയിൽ ഏറ്റവും വേഗം 10 ലക്ഷം ടിഇയു ചരക്കു കൈകാര്യം ചെയ്തെന്ന നേട്ടത്തോടെ വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തെ വാണിജ്യ പ്രവർത്തനം ഇന്നലെ ഒരു വർഷം പൂർത്തിയാക്കി. വിഴിഞ്ഞത്തിന്റെ മുന്നേറ്റം കേരളത്തിനും തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്ന അദാനി പോർട്സിനും വൻ നേട്ടമാണ്.

ഇതുവരെ 13.2 ലക്ഷം ടിഇയു കൈകാര്യം ചെയ്ത വിഴിഞ്ഞത്ത് 615 ചരക്കുകപ്പലുകൾ എത്തി. 399 മീറ്ററിലധികം നീളമുള്ള 41 അൾട്രാ ലാർജ് കണ്ടെയ്നർ വെസൽ (യുഎൽസിവി) അടക്കമുള്ള വമ്പൻ കപ്പലുകൾ ഇക്കൂട്ടത്തിലുണ്ട്.

300 മീറ്ററിൽ കൂടുതൽ നീളമുള്ള 154 കപ്പലും 16 മീറ്ററിൽ കൂടുതൽ ആഴമുള്ള 45 കപ്പലുകളും ഇതിൽ പെടുന്നു. 17.1 മീറ്റർ ആഴമുള്ള എംഎസ്‌സി വെറോണ എത്തിയതോടെ ദക്ഷിണേന്ത്യയിൽ കൈകാര്യം ചെയ്തതിൽ ഏറ്റവും ആഴമുള്ള കപ്പൽ എത്തിയെന്ന റെക്കോർഡും വിഴിഞ്ഞത്തിനു സ്വന്തമാക്കാനായി. ഇതിനിടയിൽ ഇമിഗ്രേഷൻ ചെക് പോസ്റ്റ് അനുമതിയും ലഭിച്ചു.



പശ്ചാത്തല സൗകര്യ പദ്ധതികൾ പൂർത്തിയാക്കാനോ, അനുബന്ധ വികസന പദ്ധതികളൊന്നും ആരംഭിക്കാനോ സർക്കാരിനു കഴിഞ്ഞിട്ടില്ലെന്നതു കല്ലുകടിയായി. റോഡ്, റെയിൽ കണക്ടിവിറ്റി എവിടെയും എത്തിയിട്ടില്ല. കപ്പലിൽ എത്തുന്ന കണ്ടെയ്നർ മറ്റൊരു കപ്പലിലേക്കു കയറ്റുകയോ, ഇറക്കുകയോ ചെയ്യുന്ന ട്രാൻസ്ഷിപ്മെന്റ് പ്രക്രിയ മാത്രമാണു വിഴിഞ്ഞത്ത് ഇപ്പോഴും നടക്കുന്നത്. തുറമുഖ നടത്തിപ്പുകാരായ അദാനി പോർട്സിനു വരുമാനം ലഭിക്കുന്നുണ്ടെങ്കിലും കണ്ടെയ്നറുകളൊന്നും പുറത്തേക്കു നീങ്ങാത്തതിനാൽ സർക്കാരിനോ, സംസ്ഥാനത്തിനോ നേട്ടമുണ്ടാക്കാനാകുന്നില്ല.

# 8 വർഷംകൊണ്ട് ആളോഹരി വരുമാനം ഇരട്ടിയാക്കി ഉത്തർപ്രദേശ്; 6 ട്രില്യൻ സമ്പദ്‌വ്യവസ്ഥയിലേക്ക് കുതിപ്പ്

**ഉത്തർപ്രദേശ്:** ഉത്തർപ്രദേശിന്റെ ആളോഹരി വരുമാനം (പെർ ക്യാപിറ്റ ഇൻകം) കഴിഞ്ഞ 8 വർഷത്തിനിടെ വളർന്നത് ഇരട്ടിയിലധികം. 2017ൽ 45,000-50,000 രൂപനിരക്കിലായിരുന്ന പെർ ക്യാപിറ്റ വരുമാനം 2025ൽ 1.2 ലക്ഷം രൂപയിലെത്തിയെന്ന് മുഖ്യമന്ത്രി യോഗി ആദിത്യനാഥിന്റെ മുഖ്യ ഉപദേഷ്ടാവ് അവനീഷ് അവസ്ഥി പറഞ്ഞു. സ്വാതന്ത്ര്യലബ്ധിയുടെ 100ാം വാർഷികം ആഘോഷിക്കുന്ന 2047ഓടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കി മാറ്റാനുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സ്വപ്നത്തിനൊപ്പം ഉത്തർപ്രദേശും മുന്നേറുകയാണ്. 2047ഓടെ ഇന്ത്യയെ 30 ട്രില്യൻ ഡോളർ സമ്പദ്ശക്തിയാക്കുകയാണ് പ്രധാനമന്ത്രിയുടെ ലക്ഷ്യം. ഉത്തർപ്രദേശ് 6 ട്രില്യനിലേക്കുള്ള മുന്നേറ്റത്തിലാണെന്നും മോദിയുടെ സ്വപ്നത്തിന്റെ അഞ്ചിലൊന്ന് പങ്കുവഹിക്കുക ഉത്തർപ്രദേശ് ആയിരിക്കുമെന്നും അവസ്ഥി പറഞ്ഞു.

ഇപ്പോൾ ഉത്തർപ്രദേശിന്റെ ശരാശരി വളർച്ചനിരക്ക് (നോമിനൽ ജിഡിപി വളർച്ചനിരക്ക്) ഏതാണ്ട് 15 ശതമാനമാണ്. ഇത് 20 ശതമാനമെങ്കിലുമാക്കുകയാണ് ലക്ഷ്യം. അയോധ്യയുടെ കരുത്തിൽ ടൂറിസം മേഖല ഉത്തർപ്രദേശിന്റെ സാമ്പത്തിക മുന്നേറ്റത്തിന് വലിയ കരുത്തായിട്ടുണ്ട്. നടപ്പുവർഷം ആകെ 100 കോടി വിനോദ സഞ്ചാരികളെയാണ് ഉത്തർപ്രദേശ് പ്രതീക്ഷിക്കുന്നതും.

അതേസമയം, ടൂറിസത്തിന് പുറമേ മറ്റ് തന്ത്രപ്രധാന മേഖലകളിലും ശക്തിതെളിയിക്കാനാണ് സംസ്ഥാനത്തിന്റെ പരിശ്രമം. ഐടി, മാനുഫാക്ചറിങ് മേഖലകളിൽ ഇതിനായി കൂടുതൽ ശ്രദ്ധയൂന്നുമെന്നും അവനീഷ് അവസ്ഥി പറഞ്ഞു. സംസ്ഥാനത്ത് ഐഫോൺ നിർമാണക്കമ്പനിയായ ഫോക്സ്കോണും ഐടി കമ്പനിയായ എച്ച്സിഎല്ലും ചേർന്നുള്ള സെമികണ്ടക്ടർ ഫാക്ടറിക്ക് ക്യാബിനറ്റ് അനുമതി നൽകിക്കഴിഞ്ഞു. ഉത്തർപ്രദേശിന്റെ ബജറ്റ് 8 ലക്ഷം കോടി രൂപയുടേതാണെന്നും ഇത് രാജ്യത്തെ ഏറ്റവും വലുതാണെന്നും അദ്ദേഹം അവകാശപ്പെട്ടു. ഏതാണ്ട് 60,000 കോടി രൂപയുടെ മിച്ച ബജറ്റാണെന്നും അദ്ദേഹം പറഞ്ഞു. ഒരു ദേശീയ മാധ്യമത്തിന്റെ ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

യുപിയെ 2029ഓടെ ഒരു ട്രില്യൻ ഡോളർ അഥവാ 89 ലക്ഷം കോടി രൂപ മൂല്യമുള്ള സമ്പദ്‌വ്യവസ്ഥയാക്കി മാറ്റാനും യോഗി സർക്കാർ ഉന്നമിടുന്നുണ്ട്. ഇതിൽ മുഖ്യപങ്കുവഹിക്കുക അയോധ്യയായിരിക്കുമെന്നും സർക്കാർ കണക്കുകൂട്ടുന്നു. നിലവിൽ സംസ്ഥാനത്തിന്റെ ജിഡിപിയിൽ 1.5 ശതമാനമാണ് അയോധ്യയുടെ സംഭാവന. വരുംവർഷങ്ങളിൽ ഇത് കുത്തനെ കൂടുമെന്നാണ് വിലയിരുത്തൽ.

അയോധ്യ രാമക്ഷേത്രത്തിന്റെ നിർമാണം പൂർത്തിയാക്കിയതിന്റെ ആഘോഷത്തിലും ആവേശത്തിലുമാണ് ഉത്തർപ്രദേശ്. ക്ഷേത്ര നിർമാണം ആരംഭിച്ചതുമുതൽ തന്നെ ഉത്തർപ്രദേശിന്റെയാകെ സാമ്പത്തിക തലവര മാറ്റിയെഴുതുകയാണ് അയോധ്യ. മാസ്റ്റർ പ്ലാനിലൂടെ അയോധ്യയുടെ വികസനത്തിന് 2031നകം 85,000 കോടി രൂപ ചെലവിടാനാണ് കേന്ദ്രസംസ്ഥാന സർക്കാരുകളുടെ പദ്ധതി. കഴിഞ്ഞ 5 വർഷത്തിനിടെ 2,150 കോടി രൂപ ചെലവായി. ഇതിന്റെ ഭാഗമായി 18% നികുതി സംസ്ഥാന സർക്കാരിന് ലഭിക്കുകയും ചെയ്തു. റിയൽ എസ്റ്റേറ്റിലും വൻ കുതിച്ചുചാട്ടം സ്വന്തമാക്കിയ അയോധ്യ, ടൂറിസത്തിലും ജിഡിപിയിലും യുപിയുടെ തുറുപ്പുചീട്ടാവുകയാണ്. മൊത്തം സഞ്ചാരികളുടെ ഒഴുക്കിൽ ഇതിനകംതന്നെ താജ്മഹലിനെയും വാരാണസിയെയും അയോധ്യ പിന്തള്ളി. 2023ൽ 5.75 കോടിപ്പേർ അയോധ്യയിലെത്തിയിരുന്നു. 2024ൽ 16 കോടി. 2025ന്റെ ആദ്യ 6 മാസക്കാലത്തു മാത്രം 23 കോടിപ്പേർ. മഹാകുഭമേളയും വലിയ നേട്ടമായി.

ICL
Join ICL, Grow with us
ICL Fincorp
ഗോൾഡ് ലോൺ @ 75* പൈസ
പ്രതിമാസ പലിശ നിരക്ക് 100 രൂപയ്ക്ക്
കുറഞ്ഞ പലിശ നിരക്ക്
ഉയർന്ന മൂല്യം | അതിവേഗം
TOLL-FREE : 1800 31 333 53
*As Per EMI Scheme Basis *T&C Apply

# പിഎം കിസാൻ: അനർഹർ കൈപ്പറ്റിയ ആനുകൂല്യം തിരിച്ചുപിടിച്ച് കേന്ദ്രം; കേരളത്തിൽ 7,700 കുടുംബങ്ങൾ

**ന്യൂഡൽഹി:** കർഷകരുടെ അക്കൗണ്ടുകളിലേക്കു നേരിട്ടു പണം നൽകുന്ന പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധിയുടെ(പിഎം കിസാൻ) ആനൂകൂല്യം അനർഹർ കൈപ്പറ്റിയതിൽ 416.75 കോടി രൂപ കേന്ദ്രം തിരിച്ചുപിടിച്ചു. കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ ഒരേ കുടുംബത്തിലെ ആളുകൾ അനർഹമായി ആനൂകൂല്യം കണ്ടെത്തുന്നുവെന്ന് കേന്ദ്ര കൃഷിമന്ത്രാലയം കണ്ടെത്തിയിരുന്നു.

ഇത്തരത്തിൽ തന്നെ 29.13 ലക്ഷം അക്കൗണ്ടുകളാണ് രാജ്യവ്യാപകമായി കണ്ടെത്തിയത്. തുടർന്നാണ് അനർഹർ കൈപ്പറ്റിയ ആനുകൂല്യം പിടിച്ചെടുത്തു തിരിച്ചു നൽകാൻ സംസ്ഥാനങ്ങളോടു നിർദേശിച്ചത്. കേരളത്തിൽ 7,694 കുടുംബങ്ങളിൽ ഭാര്യയും ഭർത്താവും ആനുകൂല്യം കൈപ്പറ്റിയതായി സംസ്ഥാന സർക്കാർ റിപ്പോർട്ടു നൽകിയിരുന്നു. പ്രായപൂർത്തിയാകാത്ത മക്കളും മറ്റു ബന്ധുക്കളും ഉൾപ്പെടെ സംസ്ഥാനത്തു 33 പേരും അനധികൃതമായി ആനുകൂല്യം കൈപ്പറ്റിയിരുന്നു. ഇതു തിരിച്ചുപിടിക്കാനുള്ള നടപടികളും തുടങ്ങി.

# നവംബറിൽ തിരികെയെത്തിയത് 74 കോടിയുടെ 2,000 രൂപ നോട്ടുകൾ



**ന്യൂഡൽഹി:** നവംബറിൽ മാത്രം തിരികെയെതിയത് 74 കോടിയുടെ നിരോധിച്ച 2,000 രൂപയുടെ നോട്ടുകൾ. റിസർവ് ബാങ്ക് ഒഫ് ഇന്ത്യ കഴിഞ്ഞ ദിവസം പുറത്തിറക്കിയ കണക്കിലാണ് ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളത്.നവംബർ 30 ലെ കണക്ക് അനുസരിച്ച് ഇനി തിരികെ എത്താനുള്ളത് 5,743 കോടി രൂപയുടെ 2,000 ൻറെ കറൻസികളാണ്. ഒക്ടോബർ 31 ലെ കണക്കുകൾ പ്രകാരം 5,817 കോടി രൂപയുടെ നോട്ടുകളാണ് തിരികെ എത്താൻ ഉണ്ടായിരുന്നത്. ഇതാണ് കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ 5,743 കോടി രൂപയായി കുറഞ്ഞത്.

2023 മേയിലാണ് റിസർവ് ബാങ്ക് ഒഫ് ഇന്ത്യ 2,000 രൂപയുടെ നോട്ടുകൾ പ്രചാരത്തിൽ നിന്ന് പിൻവലിച്ചത്. അതിനു ശേഷം രാജ്യത്തെ ബാങ്കുകളിൽ ഈ നോട്ടുകൾ നിക്ഷേപിക്കുന്നതിനും മാറ്റിയെടുക്കുന്നതിനും 2023 ഒക്ടോബർ ഏഴുവരെ അവസരവും നൽകിയിരുന്നു.2023 ഒക്ടോബർ ഒമ്പത് മുതൽ ഈ നോട്ടുകൾ റിസർവ് ബാങ്കിന്റെ രാജ്യത്തെ 19 ഇഷ്യൂ ഓഫീസുകളിൽ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കാനും അവസരം നൽകിയിട്ടുണ്ട്.

അത് ഇപ്പോഴും തുടരുകയാണ്.ഇത് കൂടാതെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും 2,000 രൂപയുടെ നോട്ടുകൾ പോസ്റ്റ് ഓഫീസുകൾ വഴി റിസർവ് ബാങ്കിന്റെ ഇഷ്യൂ ഓഫീസുകളിലേക്ക് തപാലിൽ അയച്ചു കൊടുക്കാനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ അയയ്ക്കുന്ന തുക അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കും.2023 മേയ് 19ന് റിസർവ് ബാങ്ക് ഒഫ് ഇന്ത്യ 2,000 രൂപ നോട്ടുകൾ പിൻവലിച്ചപ്പോൾ രാജ്യത്താകെ പ്രചാരത്തിൽ ഉണ്ടായിരുന്നത് 3.56 ലക്ഷം കോടി രൂപയുടെ കറൻസികളാണ്.

## തദ്ദേശ തിരഞ്ഞെടുപ്പ് : ശബ്ദ നിയന്ത്രണം പാലിക്കണം

**തിരുവനന്തപുരം:** തദ്ദേശ തിരഞ്ഞെടുപ്പിന്റെ ഭാഗമായുള്ള പരസ്യ പ്രചാരണങ്ങളിൽ ശബ്ദ നിയന്ത്രണം കർശനമായി പാലിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ നിർദ്ദേശിച്ചു. പ്രചാരണ വാഹനങ്ങളിൽ അനുവദനീയമായ ശബ്ദത്തിനു മുകളിലുള്ള മൈക്ക് അനൗൺസ്മെന്റുകൾ, ലൗഡ് സ്പീക്കറിലൂടെയുള്ള പ്രചാരണ ഗാനങ്ങൾ എന്നിവ കേൾപ്പിക്കുന്നത് മാതൃകാ പെരുമാറ്റചട്ടത്തിന്റെയും ശബ്ദമലിനീകരണ നിയന്ത്രണ നിയമങ്ങളുടെയും ലംഘനമാണ്. പൊതുനിരത്തുകളിലും ജംഗ്ഷനുകളിലും ഗതാഗതത്തിന് തടസ്സമുണ്ടാക്കുകയോ ശല്യപ്പെടുത്തുകയോ ചെയ്യുന്ന രീതിയിൽ ലൗഡ്സ്പീക്കർ ഉപയോഗിക്കാൻ പാടില്ല.

അനുവദനീയമായ സമയപരിധിയ്ക്ക് മുൻപോ ശേഷമോ ഉള്ള അനൗൺസ്മെന്റുകൾ എന്നിവയും വിലക്കിയിട്ടുണ്ട്. ആശുപത്രി, വിദ്യാലയ പരിസരങ്ങൾ ഉൾപ്പടെ നിശബ്ദ സോണുകളായി പ്രഖ്യാപിച്ചിട്ടുള്ള മേഖലകളിൽ ശബ്ദപ്രചാരണം പൂർണമായും ഒഴിവാക്കണം. പടക്കം, വെടിക്കെട്ട് മുതലായവ നിയമാനുസൃതമായി മാത്രമേ പ്രചാരണത്തിന് ഉപയോഗിക്കുവാൻ പാടുള്ളൂ. സ്ഥാനാർത്ഥികളെ സ്വീകരിക്കുമ്പോൾ ഉൾപ്പടെ പൊതുസ്ഥലങ്ങളിൽ വെടിക്കെട്ട് നടത്തുന്നതിന് ജില്ലാ മജിസ്ട്രേറ്റിൽ നിന്ന് ലൈസൻസ് ആവശ്യമാണ്. പ്രചാരണ പ്രവർത്തനങ്ങളിൽ ശബ്ദമലിനീകരണം, പരിസരമലിനീകരണം എന്നിവയുടെ നിരീക്ഷണം ഊർജ്ജിതമാക്കാനും, നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നിയമനടപടി സ്വീകരിക്കാനും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ കളക്ടർമാർക്കും നിരീക്ഷകർക്കും നിർദേശം നൽകി.

# മലമ്പനി, മന്ത് സ്ക്രീനിങ്: റെയിൽവേ സ്റ്റേഷനുകളിൽ രാത്രികാല രക്തപരിശോധനാ ക്യാമ്പ് നടത്തി

**കോഴിക്കോട്:** മലമ്പനി, മന്ത് എന്നിവയുടെ സ്ക്രീനിങ്ങിനായി ജില്ലാ മെഡിക്കൽ ഓഫീസിന്റെയും ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെയും നേതൃത്വത്തിൽ റെയിൽവേ സ്റ്റേഷൻ എൻട്രി പോയിന്റുകളിൽ അതിഥി തൊഴിലാളികളുടെ രക്തപരിശോധനാ ക്യാമ്പ് നടത്തി. കോഴിക്കോട്, വടകര സ്റ്റേഷനുകളിലാണ് രാത്രികാല ക്യാമ്പ് സംഘടിപ്പിച്ചത്. 155 പേരുടെ രക്ത സാമ്പിളുകൾ പരിശോധനക്കായി ശേഖരിച്ചു.

സീനിയർ ബയോളജിസ്റ്റ് എസ് സബിത, ഹെൽത്ത് സൂപ്പർവൈസർ പി ഹരി, അസി. എന്റമോളജിസ്റ്റ് ഷാജിമോൻ ആർ. രാമായി, ഹെൽത്ത് ഇൻസ്പെക്ടർമാരായ യു എൻ സജിത്ത് കുമാർ, അബ്ദുൽസലാം, ഫീൽഡ് അസിസ്റ്റന്റുമാർ, ഫീൽഡ് വർക്കർമാർ എന്നിവർ നേതൃത്വം നൽകി.

റെയിൽവേ സ്റ്റേഷൻ മാനേജർ, റെയിൽവേ പോലീസ്, റെയിൽവേ ഡിവിഷണൽ മെഡിക്കൽ ഓഫീസർ, റെയിൽവേ ചീഫ് ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്.



## ഭിന്നശേഷി ദിനാചരണം: ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു

**കോഴിക്കോട്:** ലോക ഭിന്നശേഷി ദിനാചരണത്തിന്റെ ഭാഗമായി ജില്ലാ സാമൂഹികനീതി ഓഫീസിന്റെ നേതൃത്വത്തിൽ ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു. 'ഭിന്നശേഷി സൗഹൃദം: എന്ത് എന്തിന്' വിഷയത്തിൽ ജില്ലാ പഞ്ചായത്ത് ഹാളിൽ നടന്ന പരിപാടി അസിസ്റ്റന്റ് കലക്ടർ ഡോ. എസ് മോഹനപ്രിയ ഉദ്ഘാടനം ചെയ്തു. സാമൂഹിക സുരക്ഷാ മിഷൻ റീജണൽ ഡയറക്ടർ ഡോ. പി സി സൗമ്യ അധ്യക്ഷയായി. സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവം ചെണ്ടവാദ്യത്തിൽ ജേതാവായ മുഹമ്മദ് നിയാസ്, സാമൂഹിക പ്രവർത്തകൻ ശിവൻ കോട്ടൂളി എന്നിവരെ ചടങ്ങിൽ ആദരിച്ചു. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ചലഞ്ച്ഡ് മുൻ ഡയറക്ടർ ഡോ. എം കെ ജയരാജ്, സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപറേഷൻ ഡയറക്ടർ ഗിരീഷ് കീർത്തി, ഡോ. ആഷിഖ് ഹൈദർ അലി തുടങ്ങിയവർ ക്ലാസെടുത്തു. സ്റ്റേറ്റ് ഇനീഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റി സ്റ്റേറ്റ് കോഓഡിനേറ്റർ മുജീബ് റഹ്മാൻ മോഡറേറ്ററായി. ജില്ലാ സാമൂഹികനീതി ഓഫീസർ അഞ്ജു മോഹൻ സ്വാഗതവും സീനിയർ സൂപ്രണ്ട് ബി രാജീവ് നന്ദിയും പറഞ്ഞു. വിദ്യാർഥികൾ, ഭിന്നശേഷി സംഘടന പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## നിയമ ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു

**കൊടകര:** ജില്ലാ വനിതാ ശിശു വികസന വകുപ്പ്, ജില്ലാ സങ്കൽപ് ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമൺ എന്നിവയുടെ ആഭിമുഖ്യത്തിൽ സ്ത്രീ സുരക്ഷാ നിയമ ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു. സ്ത്രീകളും പെൺകുട്ടികളും നേരിടുന്ന അതിക്രമങ്ങൾ അവസാനിപ്പിക്കുന്നതിനായി നവംബർ 25 മുതൽ ഡിസംബർ 10 വരെ ആചരിക്കുന്ന 'ഓറഞ്ച് ദി വേൾഡ് ക്യാമ്പയിൻ 2025' ഔട്ട് റീച്ച് പ്രോഗ്രാമിന്റെ ഭാഗമായാണ് കൊടകര സഹൃദയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൽ ഏകദിന ബോധവത്ക്കരണ പരിശീലന പരിപാടി സംഘടിപ്പിച്ചത്.

സഹൃദയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് എക്സിക്യുട്ടീവ് ഡയറക്ടർ റവ. ഫാ. ഡോ. ജിനോ ജോണി മാളക്കാരൻ ഉദ്ഘാടനം നിർവ്വഹിച്ചു. കെ.ഇ.എസ്.എസ് എസ്.പി.സി തൃശ്ശൂർ ലീഗൽ കൗൺസിലർ അഡ്വ. എൻ. റീന ജോൺ ബോധവത്കരണ ക്ലാസ് നയിച്ചു. ക്ലാസിൽ പോഷ് ആക്ട്, ഡി.വി ആക്ട്, സ്ത്രീധന നിരോധന നിയമം, ബാലവിവാഹ നിരോധന നിയമം, ടോക്സിക് റിലേഷൻഷിപ്, സൈബർ അതിക്രമങ്ങൾ എന്നിവയെക്കുറിച്ച് സംസാരിച്ചു. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമങ്ങൾ, ഡിജിറ്റൽ അതിക്രമങ്ങൾ, ഓൺലൈൻ സുരക്ഷ എന്നിവയെക്കുറിച്ചുള്ള സമഗ്രമായ വിശദീകരണം നൽകി.

വനിതാ ശിശു വികസന വകുപ്പ് മിഷൻ ശക്തി ജില്ലാ മിഷൻ കോർഡിനേറ്റർ പി.ഡി വിൻസെന്റ് ആമുഖ പ്രസംഗം നടത്തി. ഇക്വൽ ഓപ്പർച്ച്യൂണിറ്റി സെൽ സ്റ്റുഡന്റ് കോർഡിനേറ്റർ കുറേൻ ജോഷി, മിഷൻ ശക്തിയിലെ ഫിനാൻഷ്യൽ ലിറ്ററസി സ്പെഷ്യലിസ്റ്റ് ബി.എസ് സുജിത്ത്, ഈക്വൽ ഓപ്പർച്ച്യുണിറ്റി സെൽ ജോയിന്റ് കോർഡിനേറ്റർ അലീഷ എസ്. ഡീൻ എന്നിവർ പങ്കെടുത്തു.

# ബ്ലൂ എക്കോണമിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിൽ നാവികസേനയുടെ പങ്ക് നിർണായകം: രാഷ്ട്രപതി

**തിരുവനന്തപുരം:** സുസ്ഥിര വികസനത്തിന് ഉത്തേജനം നൽകുന്ന ബ്ലൂ എക്കോണമിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിൽ രാജ്യം ശ്രദ്ധ കേന്ദ്രീകരിക്കുന്നതായും ഈ ശ്രമങ്ങളിൽ ഇന്ത്യൻ നാവികസേന നിർണായ പങ്ക് വഹിക്കുന്നതായും രാഷ്ട്രപതി ദ്രൗപതി മുർമു. കടൽ വഴികൾ സുരക്ഷിതമാക്കിയും സമുദ്ര വിഭവങ്ങൾ സംരക്ഷിച്ചും നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ തടഞ്ഞും സമുദ്ര ഗവേഷണത്തെ പിന്തുണച്ചും നാവികസേന രാജ്യത്തിന് കരുത്തേകുന്നതായും രാഷ്ട്രപതി പറഞ്ഞു. ശംഖുമുഖത്ത് നടന്ന നാവികസേനാ ദിനാഘോഷത്തിൽ മുഖ്യാതിഥിയായി പങ്കെടുത്തു സംസാരിക്കുകയായിരുന്നു രാഷ്ട്രപതി.

ഇന്ത്യൻ മഹാസമുദ്ര മേഖല വളരെ തന്ത്രപ്രധാനമാണ്. ആഗോള ഊർജ വിതരണത്തിനും വ്യാപാരത്തിനുമുള്ള ഒരു മാർഗമാണിത്. ഇന്ത്യ ഇതിന്റെ കേന്ദ്രസ്ഥാനത്ത് സ്ഥിതി ചെയ്യുന്നതിനാൽ ഈ മേഖലയിലെ സമാധാനവും സുസ്ഥിരതയും ഉറപ്പാക്കുന്നതിൽ നമുക്ക് പ്രത്യേക ഉത്തരവാദിത്തമുണ്ട്. നമ്മുടെ അയൽക്കാർക്ക് സഹായം എത്തിച്ചും സമുദ്ര അവബോധം പ്രോത്സാഹിപ്പിച്ചും അന്താരാഷ്ട്ര സമുദ്ര സമൂഹത്തിന് സുരക്ഷ ഉറപ്പാക്കിയും നമ്മുടെ അതിർത്തിക്കുള്ളിൽ മാത്രമല്ല, വിശാലമായ ഇന്ത്യൻ മഹാസമുദ്രത്തിലുടനീളവും നാവിക സേന പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്നതായും രാഷ്ട്രപതി പറഞ്ഞു.

ആധുനികവൽക്കരണവും പുതിയ സാങ്കേതികവിദ്യകളുടെ വികസനവും അവയുടെ പൊരുത്തപ്പെടുത്തലും ഏതൊരു സായുധ സേനയുടെയും പോരാട്ട സന്നദ്ധതയ്ക്ക് നിർണായകമാണ്. ഇന്ത്യയിൽ തന്നെ സങ്കീർണമായ പ്ലാറ്റ്ഫോമുകൾ രൂപകൽപ്പന ചെയ്യാനും നിർമ്മിക്കാനുമുള്ള കഴിവ് നമ്മുടെ നാവികസേനക്കുണ്ട്. വിമാനവാഹിനിക്കപ്പലായ ഐഎൻഎസ് വിക്രാന്തും മറ്റു യുദ്ധക്കപ്പലുകളും അന്തർവാഹിനികളും ഇതിനു ഉദാഹരണങ്ങളാണ്. ഇവ തദ്ദേശീയമായി വികസിപ്പിക്കുന്നതിലൂടെ ദേശീയ സുരക്ഷ ശക്തിപ്പെടുത്താനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമാകും. തദ്ദേശീയ സാങ്കേതികവിദ്യകൾ വികസിപ്പിച്ച് വികസിത ഭാരതമെന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഇന്ത്യൻ നാവികസേന ഊർജം പകരുകയാണെന്നും രാഷ്ട്രപതി ചൂണ്ടിക്കാട്ടി.

വിമാനത്താവളത്തിൽ നിന്നും വേദിയിലെത്തിയ രാഷ്ട്രപതിക്ക് എം എച്ച് 60 ആർ ഹെലികോപ്റ്ററുകൾ സല്യൂട്ട് നൽകി. യുദ്ധക്കപ്പലുകളായ ഐഎൻഎസ് ഇംഫാലും ഐഎൻഎസ് ഉദയഗിരിയും ഐഎൻഎസ് കമാലും ഐഎൻഎസ് കൊൽക്കത്തയും ചേർന്ന് രാഷ്ട്രപതിയെ അഭിവാദ്യം ചെയ്തു. പാരച്യൂട്ടിൽ പറന്നിറങ്ങിയ മറൈൻ കമാൻഡോകൾ രാഷ്ട്രപതിക്ക് ഉപഹാരം സമ്മാനിച്ചു. സേനയുടെ കരുത്തും പ്രവർത്തന മികവും വിളിച്ചോതുന്ന പോർവിമാനങ്ങളുടേയും പടക്കപ്പലുകളുടേയും അഭ്യാസ പ്രകടനങ്ങൾ രാഷ്ട്രപതി വീക്ഷിച്ചു.

ഇന്ത്യയുടെ പടക്കപ്പലുകളായ ഐഎൻഎസ് ഇംഫാൽ, ഐഎൻഎസ് ഉദയഗിരി, ഐഎൻഎസ് കൊൽക്കത്ത, ഐഎൻഎസ് കമാൽ, പായ്ക്കപ്പലുകളായ തരംഗിണിയും സുദർശിനിയും മിസൈൽ കില്ലർ ബോട്ടുകളും അന്തർവാഹിനിയും ഉൾപ്പെടെയുള്ള 19 നാവിക യുദ്ധ സംവിധാനങ്ങളാണ് തീരക്കടലിൽ വിസ്മയ കാഴ്ചയൊരുക്കിയത്. വിമാനവാഹിനിയായ ഐഎൻഎസ് വിക്രാന്തിൽനിന്നുള്ള മിഗ് വിമാനങ്ങളുടെ ടേക്ക് ഓഫും ഹെലികോപ്റ്ററിൽ നിന്നുള്ള എയർ ലിഫ്റ്റിംഗും പാരാഗ്ലൈഡിംഗും ഉൾപ്പെടെയുള്ള അഭ്യാസ പ്രകടനങ്ങൾ സേനയുടെ ഉൾക്കരുത്തും നീക്കങ്ങളിലെ കൃത്യതയും വേഗതയും സാങ്കേതിക മികവും എടുത്തുകാട്ടി. യുദ്ധത്തിനും നിരീക്ഷണത്തിനുമുള്ള ലോങ് റേഞ്ച് ആന്റി സബ്മറൈൻ വിമാനമായ പി8ഐ, മിഗ്, ഹോക്സ് വിമാനങ്ങളും ഹെലികോപ്റ്ററുകളും ചേർന്നാണ് ആകാശത്ത് ദൃശ്യവിസ്മയം ഒരുക്കിയത്.

ആർത്തിരമ്പുന്ന കടൽപ്പരപ്പിൽ സെർച്ച് ആൻഡ് സീഷർ ഓപ്പറേഷൻ, ഹെലികോപ്റ്റർ വഴി കമാൻഡോകളെ ലക്ഷ്യസ്ഥാനത്ത് ഇറക്കുന്ന ഹെലികോപ്റ്റർ ബോൺ ഇൻസേർഷൻ, രക്ഷാദൗത്യം എന്നിവയുടെ പ്രദർശനവും നടന്നു. സതേൺ നേവൽ കമാൻഡിന്റെ മ്യൂസിക്കൽ ബാൻഡും കണ്ടിന്യൂയിറ്റി ഡ്രില്ലും സീ കേഡറ്റുകൾ അവതരിപ്പിച്ച ഹോൺ ആൻഡ് പൈപ്പ് ഡാൻസും പരിപാടിയെ വ്യത്യസ്തമാക്കി. കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തെ അനാവരണം ചെയ്യുന്ന കലാപരിപാടികളോടെ ആരംഭിച്ച ആഘോഷപരിപാടികൾക്ക് പരിസമാപ്തിയായി തീരക്കടലിൽ യുദ്ധക്കപ്പലുകൾ വൈദ്യുതി ദീപങ്ങളാൽ അലംകൃതമായി അണിനിരന്നു.

നാവികസേനാ മേധാവി അഡ്മിറൽ ദിനേഷ് കെ ത്രിപാഠി സദസിനെ അഭിസംബോധന ചെയ്തു സംസാരിച്ചു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്ര ടൂറിസം സഹമന്ത്രി സുരേഷ് ഗോപി, പ്രതിരോധ സഹമന്ത്രി സഞ്ജയ് സേഠ്, ദക്ഷിണ നാവികസേനാ മേധാവി വൈസ് അഡ്മിറൽ സമീർ സക്സേന, ചീഫ് സെക്രട്ടറി ഡോ. എ ജയതിലക് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

# ഭിന്നശേഷി സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്വം: ജില്ലാ കളക്ടർ

## അന്താരാഷ്ട്ര ഭിന്നശേഷി ദിനം ആചരിച്ചു

**തൊടുപുഴ:** ഭിന്നശേഷി സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്വമാണെന്ന് ജില്ലാ കളക്ടർ ഡോ.ദിനേശൻ ചെറുവാട്ട്. അന്താരാഷ്ട്ര ഭിന്നശേഷി ദിനാഘോഷത്തിന്റെ ഭാഗമായി ജില്ലാ സാമൂഹ്യനീതി ഓഫീസിന്റെ നേതൃത്വത്തിൽ തൊടുപുഴ മുട്ടം റൈഫിൾ ക്ലബ്ബിൽ നടന്ന അന്താരാഷ്ട്ര ഭിന്നശേഷി ദിനാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു കളക്ടർ. ഭിന്നശേഷി വിഭാഗക്കാർ ഏറ്റവും മികച്ചവരാണ്. അതിന്റെ മികച്ച ഉദാഹരണമാണ് ഹെലൻ കെലർ.ജന്മനാ അന്ധയും ബധിരയുമായ അവർ തന്റെ പരിമിതികളെ അതിജീവിച്ച് നിരവധി നേട്ടങ്ങളാണ് കൈവരിച്ചത്. അതുപോലെ നിരവധി ഉദാഹരണങ്ങൾ നമ്മുടെ സമൂഹത്തിൽ ഉണ്ടെന്നും കളക്ടർ പറഞ്ഞു. ഭിന്നശേഷി വിഭാഗക്കാർ അനുഭവിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കേണ്ടത് എല്ലാവരുടെയും ചുമതലയാണ്. സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങളോടൊപ്പം വിവിധ സംഘടനകളുടെ സഹായ സഹകരണങ്ങൾ അവർക്ക് നൽകണം. നമ്മുടെ സന്തോഷ നിമിഷങ്ങളിൽ ഭിന്നശേഷി സമൂഹത്തെയും ചേർത്തുപിടിച്ച് അവരോടൊപ്പം സന്തോഷം പങ്കിടണമെന്നും അത്തരമൊരു സംസ്കാരത്തിന് തുടക്കം കുറിക്കണമെന്നും അദ്ദേഹം പറഞ്ഞു. യോഗത്തിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർ വി.എ. ഷംനാദ് അധ്യക്ഷത വഹിച്ചു. സബ് ജഡ്ജും ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി സെക്രട്ടറിയുമായ സിജി എൻ.എൻ മുഖ്യാതിഥിയായിരുന്നു. ഭിന്നശേഷി നിയമാവബോധം രൂപീകരിക്കുന്ന ഭാഗമായി വികലാംഗരുടെ അവകാശ നിയമം,നാഷണൽ ട്രസ്റ്റ് ആക്ട് എന്നിവ സംബന്ധിച്ച് അഡ്വ. പ്രേംജി സുകുമാർ,സംസ്ഥാന ഭിന്നശേഷി കമ്മിറ്റി അംഗം ചാക്കോ ചാക്കോ എന്നിവർ ക്ലാസുകൾ നയിച്ചു.

ഉന്നത വിദ്യാഭ്യാസരംഗത്ത് മികച്ച വിജയം കരസ്ഥമാക്കിയ ഭിന്നശേഷിക്കാരായ ആസിഫ് ഉമ്മർ, പ്രവീൺ ഗോപാൽ എന്നിവരെ ചടങ്ങിൽ ആദരിച്ചു. ഭിന്നശേഷി മേഖലയ്ക്ക് സഹായവും പ്രോത്സാഹനം നൽകുന്ന എൻ.സി.സി. യൂണിറ്റിനുള്ള സഹചാരി അവാർഡ് തങ്കമണി സെന്റ്. തോമസ് ഹൈസ്കൂൾ നേടി.

കായിക മേഖലയിൽ വിവിധ നേട്ടങ്ങളും മികച്ച പ്രകടനവും കാഴ്ചവച്ച ദിന്നശേഷികാരനായ പി.ഡി. പ്രമോദിനെയും ആദരിച്ചു. തുടർന്ന് ഭിന്നശേഷിക്കാരുടെ വിവിധ കലാപരിപാടികൾ നടന്നു.

യോഗത്തിൽ ജില്ലാ സാമൂഹ്യനീതി ഓഫീസ് സീനിയർ സൂപ്രണ്ട് എം.എൻ. ദീപു, ഡെപ്യൂട്ടി മെഡിക്കൽ ഓഫീസർ ശരത് ജി റാവു, ജില്ലാ ഓർഫനേജ് അസോസിയേഷൻ പ്രതിനിധി റോസക്കുട്ടി എബ്രാഹം,നാഷണൽ ഹെൽത്ത് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ഇ. കെ.ഖയാസ്, സ്റ്റേറ്റ് ഇനീഷ്യേറ്റീവ് ഓൺ ഡിസബിലിറ്റീസ്, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ ജില്ലാ കോഓർഡിനേറ്റർ നിധിൻ പോൾ, പ്രൊബേഷൻ ഓഫീസർ വി.കെ. മായാമോൾ, വിദ്യാർത്ഥികൾ, അധ്യാപകർ, സാമൂഹ്യനീതി വകുപ്പ് ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.



# പുഞ്ചക്കൃഷിക്ക് വിതച്ച പാടങ്ങളിൽ തണ്ടുതുരപ്പൻ: ജാഗ്രത വേണം

**ആലപ്പുഴ:** രാമങ്കരി, നെടുമുടി, കൈനകരി, തകഴി, ചെറുതന, കരുവാറ്റ കൃഷിഭവനുകളുടെ പരിധിയിൽ പുഞ്ചക്കൃഷിക്കായി വിതച്ച് 45 ദിവസം വരെ പ്രായമായ പാടശേഖരങ്ങളിൽ തണ്ടുതുരപ്പന്റെ ആക്രമണം കാണുന്നുണ്ടെന്നും ജാഗ്രത വേണമെന്നും കീടനിരീക്ഷണ കേന്ദ്രം പ്രോജക്ട് ഡയറക്ടർ അറിയിച്ചു. തുടർച്ചയായി വെള്ളം കെട്ടിക്കിടക്കുന്ന നിലങ്ങളിലും മണ്ണിലെ അമ്ലതകൊണ്ടു വിളയുടെ ആരോഗ്യം മെച്ചമല്ലാത്ത നിലങ്ങളിലുമാണു കീടബാധ കൂടുതലായി കാണുന്നത്.

കീടബാധ കാണപ്പെടുന്ന പാടശേഖരങ്ങളിൽ എല്ലാ കർഷകരും ഒരേ രീതിയിൽ കീടനാശിനി പ്രയോഗം നടത്തിയാൽ ഫലപ്രദമായി നിയന്ത്രിക്കാൻ സാധിക്കും. ചില പാടശേഖരങ്ങളിൽ കരിഞ്ചാഴിയുടെ സാന്നിധ്യവും ചെറിയ തോതിൽ കാണുന്നുണ്ട്. എന്നാൽ ആക്രമണം രൂക്ഷമാകാൻ സാധ്യതയില്ല. തണ്ടുതുരപ്പനും കരിഞ്ചാഴിക്കുമെതിരെ തളിപ്രയോഗത്തേക്കാൾ തരി രൂപത്തിലുള്ള കീടനാശിനികൾ മണ്ണിൽ ചേർത്തു കൊടുക്കുന്ന രീതിയാണ് കൂടുതൽ ഫലപ്രദം. കർഷകർ സാങ്കേതിക ഉപദേശം സ്വീകരിച്ചു മാത്രം നിയന്ത്രണ മാർഗങ്ങൾ കൈക്കൊള്ളണമെന്നും പ്രോജക്ട് ഡയറക്ടർ പറഞ്ഞു.

വിതച്ച് ആദ്യ 50 ദിവസം വരെയുള്ള വിളയിൽ കീടനാശിനികൾ തളിക്കുന്നതു മിത്രപ്രാണികളുടെ നാശത്തിനും അതുവഴി കീടസംഖ്യ ഏകപക്ഷീയമായി കൂടാനും കാരണമാകും. തണ്ടുതുരപ്പന്റെ മുട്ടക്കൂട്ടങ്ങൾ കൂടുതലായി കാണുന്ന സാഹചര്യത്തിൽ അനുയോജ്യമായ തരി രൂപത്തിലുള്ള കീടനാശിനികൾ വളത്തോടൊപ്പം ചേർത്തുകൊടുക്കണം. ഇപ്രകാരം ചേർത്തു കൊടുക്കുമ്പോൾ കണ്ടത്തിൽ മിനുക്കം (ചെറിയ തോതിൽ) വെള്ളം ഉണ്ടായിരിക്കണം.



# എസ്ഐആറിൽ പങ്കെടുത്ത് ഓട്ടിസം ബാധിതരായ കുട്ടികൾ

**കാക്കനാട്:** അന്താരാഷ്ട്ര ഭിന്നശേഷി ദിനത്തിന്റെ ഭാഗമായി ജീവനിയം ഓട്ടിസം ഹോസ്പിറ്റൽ ആൻഡ് സെന്ററിന്റെ ആഭിമുഖ്യത്തിൽ പതിനേഴ് ഓട്ടിസംബാധിതരായ കുട്ടികൾ ജില്ലാ കളക്ടർ പ്രിയങ്ക ജി, അസിസ്റ്റന്റ് കളക്ടർ പാർവതി ഗോപകുമാർ എന്നിവരുമായി കൂടിക്കാഴ്ച നടത്തി. ഈ വർഷത്തെ ഭിന്നശേഷിദിനത്തിന്റെ ഇതിവൃത്തമായ ഇൻക്ലൂസിവിറ്റി ആൻഡ് സോഷ്യൽ പ്രോഗ്രസ്സിന്റെ ഭാഗമായി വരാനിരിക്കുന്ന തെരഞ്ഞുടപ്പിനു മുന്നോടിയായുള്ള (എസ്ഐആർ) സ്പെഷ്യൽ ഇന്റൻസീവ് റിവിഷൻ പ്രവർത്തനങ്ങളിൽ ബിഎൽഓമാർക്കൊപ്പം പ്രവർത്തിച്ച ജീവനീയത്തിൽ നിന്നുള്ള അഞ്ചു കുട്ടികൾ ഉൾപ്പെടുന്ന സംഘമാണ് കളക്ടറെ സന്ദർശിച്ചത്. 18 വയസ്സിനു മുകളിലുള്ള കുട്ടികളാണ് എസ്ഐആർ പ്രവർത്തനത്തിൽ പങ്കാളികളായത്. ഓട്ടിസവും ഭിന്നശേഷിയുമുള്ള കുട്ടികളാണെന്നു കരുതി അവർക്ക് ഒരു അവസരവും നിഷേധിക്കരുതെന്നും കുട്ടികൾക്ക് മാക്സിമം എക്സ്പോഷർ കൊടുക്കുകയും അവരുടെ കഴിവുകളെ പരമാവധി പ്രോത്സാഹിപ്പിക്കുകയും ചെയ്യണമെന്നും കളക്ടർ പറഞ്ഞു. വ്യത്യസ്ത ശേഷിയുള്ള കുട്ടികളും സാമൂഹിക ഉത്തരവാദിത്തമുള്ള പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കാൻ കഴിവുള്ളവരാണെന്നതിന് ഈ പങ്കാളിത്തം ഉദാഹരണമായെന്ന് അസിസ്റ്റന്റ് കളക്ടർ പാർവതി ഗോപകുമാർ പറഞ്ഞു.

ഓട്ടിസംബാധിതരായ കുട്ടികളും ഭിന്നശേഷിയുള്ള വിദ്യാർത്ഥികളും നേരിടുന്ന പഠനസാമൂഹിക വെല്ലുവിളികളെക്കുറിച്ചും ജീവനീയം നൽകുന്ന പ്രത്യേക വിദ്യാഭ്യാസം, തെറാപ്പി, സപ്പോർട്ട് സംവിധാനങ്ങൾ എന്നിവയെക്കുറിച്ചും ചടങ്ങിൽ ജീവനീയം സ്ഥാപകയും മെഡിക്കൽ ഡയറക്ടറുമായ ഡോ. രശ്മി പ്രമോദ് വിശദീകരിച്ചു. പങ്കെടുത്ത കുട്ടികളിൽ ചിലർ അവർ സ്വയം തയ്യാറാക്കിയ കരകൗശലവസ്തുക്കൾ കളക്ടർക്കു സമ്മാനിച്ചു.



## സംസ്ഥാന പാരാ ബ്ലൈൻഡ് ഫുട്ബോൾ ചാമ്പ്യൻഷിപ്പ്: കോഴിക്കോടും തൃശ്ശൂരും ജേതാക്കൾ

**തിരുവനന്തപുരം:** രണ്ടാമത് കേരളാ സംസ്ഥാന പാരാ ബ്ലൈൻഡ് ഫുട്ബോൾ ചാംപ്യൻഷിപ്പിൽ , പുരുഷ വിഭാഗത്തിൽ കോഴിക്കോടും വനിതാ വിഭാഗത്തിൽ തൃശ്ശൂരും ജേതാക്കളായി. പുരുഷ വിഭാഗത്തിൽ നടന്ന ആവേശകരമായ ഫൈനലിൽ എതിരില്ലാത്ത ഒരു ഗോളിന് കോഴിക്കോട് കോട്ടയത്തെയും വനിതാ ഫൈനലിൽ എതിരില്ലാത്ത ഒരു ഗോളിന് തൃശ്ശൂർ കാസർഗോഡിനെയും പരാജയപ്പെടുത്തി. കോ-ഓപ്പറേഷൻ പ്ലാനിംഗ് ഡിപ്പാർട്മെന്റ് സ്പെഷ്യൽ സെക്രട്ടറി വീണ എൻ. മാധവൻ ചാംപ്യൻഷിപ്പ് ഉദ്ഘാടനം ചെയ്തു. സമാപന സമ്മേളനത്തിൽ കേരള സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് യു. ഷറഫലി വിജയികൾക്ക് ട്രോഫികൾ സമ്മാനിച്ചു. ചാമ്പ്യൻഷിപ്പിൽ മികച്ച പ്രകടനം കാഴ്ചവെച്ച താരങ്ങളെ ഡിസംബർ 14 മുതൽ 18 വരെ ഉത്തരാഖണ്ഡിൽ ഇന്ത്യൻ ബ്ലൈൻഡ് ഫുട്ബോൾ ഫെഡറേഷൻ സംഘടിപ്പിക്കുന്ന ദേശീയ ബ്ലൈൻഡ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന കേരള ടീമിലേക്ക് തിരഞ്ഞെടുത്തു. ഈ വർഷം പുരുഷ വിഭാഗത്തിലാണ് കേരളത്തിന് ദേശീയ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാൻ യോഗ്യത ലഭിച്ചിരിക്കുന്നത്.

## ന്യൂനപക്ഷ കമ്മീഷൻ സിറ്റിംഗ് നടത്തി

**തിരുവനന്തപുരം:** സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ തിരുവനന്തപുരം സിറ്റിംഗ് കമ്മീഷൻ ആസ്ഥാനത്തെ കോർട്ട് ഹാളിൽ നടന്നു. ചെയർമാൻ എ.എ റഷീദ് ഹർജികൾ പരിഗണിച്ചു.

മുതലപ്പൊഴിയിലെ അപകട പരമ്പരയെ തുടർന്ന് കമ്മീഷൻ സ്വമേധയാ എടുത്ത കേസിൽ അഴിമുഖത്തും ചാനലിലും അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നുവെന്നും കാലാവസ്ഥ അനുകൂലമായതിനാൽ രണ്ടാഴ്ചയ്ക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയുമെന്നും ജില്ലാ കളക്ടർ കമ്മീഷനെ അറിയിച്ചു.

തെക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കുന്ന പ്രവൃത്തിയും ഹാർബറിന്റെ തെക്ക്ഭാഗത്ത് വീണുകിടക്കുന്ന കല്ലുകളും ട്രെഡ്രാപോഡുകളും നീക്കം ചെയ്യുന്ന പ്രവൃത്തിയും പുരോഗമിച്ച് വരികയാണെന്നും കളക്ടർ കമ്മീഷനെ അറിയിച്ചു.

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ ചാനലിൽ മണ്ണടിഞ്ഞ് പൊഴിയടഞ്ഞതുമായി ബന്ധപ്പെട്ട് മത്സ്യബന്ധനത്തിന് പോകാൻ സാധിക്കാത്ത തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിനായി എട്ട് കോടിയുടെ പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചുവെന്നും ധനാനുമതി ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതായും ഫിഷറീസ് ഡയറക്ടർ കമ്മീഷൻ മുമ്പാകെ റിപ്പോർട്ട് ചെയ്തു.

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ മുട്ടയ്ക്കാട് എൽ.എം.എസ് എൽ.പി.എസ്സിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് സ്കൂൾ മാനേജ്മെന്റ് സമർപ്പിച്ച ഹർജിയിൽ, പരാതി സംബന്ധിച്ച രേഖകളും റിപ്പോർട്ടും രണ്ടാഴ്ചയ്ക്കുള്ളിൽ കമ്മീഷൻ മുമ്പാകെ ഹാജരാക്കുവാൻ പഞ്ചായത്ത് അധികൃതർക്ക് കമ്മീഷൻ നിർദ്ദേശം നൽകി. സംസ്ഥാന ന്യൂനപക്ഷ കമ്മീഷന് 9746515133 എന്ന നമ്പരിൽ വാട്ട്സ് ആപ്പിലൂടെയും പരാതി സമർപ്പിക്കാവുന്നതാണ്.

## പരിശീലന പരിപാടി

**ബത്തേരി:** സംസ്ഥാന ബാലവകാശ കമ്മീഷന്റെ നേതൃത്വത്തിൽ വൈത്തിരി, സുൽത്താൻ ബത്തേരി, മാനന്തവാടി താലൂക്കുകളിലെ പട്ടികവർഗ്ഗ വിഭാഗം പ്രൊമോട്ടർമാർക്ക് പരിശീലന പരിപാടി സംഘടിപ്പിച്ചു. സുൽത്താൻ ബത്തേരി ശ്രേയസിൽ രണ്ട് ദിവസങ്ങളിലായി നടക്കുന്ന പരിശീലന പരിപാടിയുടെ ഉദ്ഘാടനം സംസ്ഥാന ബാലവകാശ സംരക്ഷണ കമ്മീഷൻ ചെയർമാൻ കെ.വി മനോജ് കുമാർ നിർവഹിച്ചു. മൂന്ന് താലൂക്കുകളിലെയും 200 ഓളം പ്രൊമോട്ടർമാർ പരിശീലനത്തിൽ പങ്കെടുക്കും. കുട്ടികളുടെ സംരക്ഷണ നിയമങ്ങൾ, ശൈശവ വിവാഹം, ബാലവേലനിയമപരമായ ഉത്തരവാദിത്വം, തദ്ദേശീയ കുട്ടികൾക്കുള്ള വിവിധ പദ്ധതികൾ, സംവിധാനങ്ങൾ, ഗോത്ര മേഖലയിലെ കുട്ടികൾ നേരിടുന്ന മാനസികാരോഗ്യ വെല്ലുവിളികൾ, പ്രശ്നങ്ങൾ, പരിഹാര മാർഗങ്ങൾ, ഭാവി പ്രവർത്തനങ്ങളുടെ അവതരണം തുടങ്ങിയ വിഷയങ്ങളിൽ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം കെ. കെ ഷാജു, കില റിസോഴ്സ്പേഴ്സൺ സി.കെ ദിനേശൻ, ജില്ലാ ഐ.സി.ഡി.എസ് സെൽ പ്രോഗ്രാം ഓഫീസർ ഗീത, ജില്ലാ ഡി.സി.പി.യു ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ശരണ്യ എം രാജ്എന്നിവർസംസാരിച്ചു. സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം ബി. മോഹൻകുമാർ അധ്യക്ഷനായി.

# അന്താരാഷ്ട്ര ഭിന്നശേഷി ദിനം ആഘോഷമാക്കി ആസ്റ്റർ മെഡ്സിറ്റി



**കൊച്ചി:** എല്ലാവരെയും ഒരുപോലെ ഒന്നായി കാണുന്നതിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടിക്കൊണ്ട് അന്താരാഷ്ട്ര ഭിന്നശേഷി ദിനം ആഘോഷമാക്കി ആസ്റ്റർ മെഡ്സിറ്റിയിലെ ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (പിഎംആർ) ഡിപ്പാർട്മെന്റ്. സിനിമാ താരം അപർണ ദാസ് ഉദ്ഘാടനം ചെയ്ത പരിപാടിയിൽ ഭിന്നശേഷിക്കാർ അവതരിപ്പിച്ച 'സിംഫണി ഓഫ് എബിലിറ്റീസ്' സംഗീത പ്രകടനം ഏറെ ശ്രദ്ധ നേടി. പരിപാടിയിൽ പിഎംആർ വിഭാഗത്തിലെ രോഗികൾ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെക്കുകയും ആഘോഷത്തിന്റെ ഭാഗമായി വിവിധ കലാ സാംസ്കാരിക പരിപാടികളും ഗെയിമുകളും ഭാഗ്യ സമ്മാന വിതരണവും നടന്നു.

ഇതിന്റെ തുടർച്ചയായി, രണ്ട് മാസത്തിലൊരിക്കൽ രോഗികളുടെ ഒത്തുചേരൽ പദ്ധതിയായ സംഗമത്തിന്റെ പ്രഖ്യാപനവും നടന്നു. ആസ്റ്റർ മെഡ്സിറ്റി സി.ഒ.ഒ ഡോ. ഷുഹൈബ് ഖാദർ, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് ഡോ. ദിലീപ് പണിക്കർ, പി.എം.ആർ ഡയറക്ടർ ഓഫ് മെഡിക്കൽ അഫയേഴ്സ് ഡോ. ടി. ആർ ജോൺ, പി.എം.ആർ ലീഡ് കൺസൾട്ടന്റ് ഡോ. കെ. എം മാത്യു, നെഫ്രോളജി ആന്റ് യൂറോളജി വിഭാഗം ലീഡ് കൺസൾട്ടന്റ് ഡോ. വി. നാരായണൻ ഉണ്ണി, കേരള ക്ലസ്റ്റർ സർവീസ് എക്സലൻസ് മേധാവി ടി. ജി അനിത എന്നിവർ ചടങ്ങിൽ സംസാരിച്ചു.

# അന്താരാഷ്ട്ര ഭിന്നശേഷിദിനാചരണം: ഡിജിറ്റൽ ഫിലിം പുറത്തിറക്കി ജിസിപിഎൽ

Godrej CONSUMER PRODUCTS

**കൊച്ചി:** അന്താരാഷ്ട്ര ഭിന്നശേഷിദിനാചരണത്തിന്റെ ഭാഗമായി ഗോദ്റെജ് കൺസ്യൂമർ പ്രോഡക്ട്സ് ലിമിറ്റഡ് (ജിസിപിഎൽ) കമ്പനിയുടെ പ്രവർത്തനങ്ങളിലുടനീളം ഭിന്നശേഷിക്കാരായ ജീവനക്കാരുടെ ജീവിത കഥകൾ, സംഭാവന, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവ എടുത്തുകാണിക്കുന്ന ഡിജിറ്റൽ ഫിലിം പുറത്തിറക്കി. തമിഴ്നാട്ടിലെ ജിസിപിഎല്ലിന്റെ ഗ്രീൻഫീൽഡ് നിർമ്മാണ കേന്ദ്രത്തിലെ ഭിന്നശേഷി ജീവനക്കാരുടെ പ്രവർത്തനങ്ങളാണ് ഫിലിമിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ജിസിപിഎൽ ഭിന്നശേഷിക്കാർക്ക് നൽകുന്ന പ്രാധാന്യവും കമ്പനിയുടെ ഉൽപ്പാദനമേഖലയിൽ അവർ എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് എടുത്തുകാണിക്കുന്നതാണ് ഫിലിം. ഇന്ത്യൻ ആംഗ്യഭാഷയിലൂടെ(ഐ.എസ്.എൽ) ആശയവിനിമയം, തൊഴിലിടങ്ങൾ, വൈവിധ്യമാർന്ന കഴിവുകളുള്ളവരുടെ കൂട്ടായ പ്രവർത്തനം എന്നിവയും ജിസിപിഎല്ലിന്റെ സമത്വത്തിനു പ്രാധാന്യം നൽകുന്ന കാഴ്ചപ്പാടും ഇത് വ്യക്തമാക്കുന്നുവെന്ന് ജിസിപിഎൽ എംഡിയും സിഇഒയുമായ സുധീർ സീതാപതി പറഞ്ഞു. ഭിന്നശേഷിക്കാരുടെ തൊഴിൽ വർധിപ്പിക്കുന്നതിൽ ജിസിപിഎൽ ഏതാനും വർഷങ്ങളായി മികച്ചപുരോഗതി കൈവരിച്ചിട്ടുണ്ട്. വൈകല്യമുള്ളവരും മറ്റ് വിഭാഗങ്ങളും ഇന്ത്യയുടെ വലിയൊരു ഭാഗമാണ്. നമ്മുടെ മുൻഗണനാക്രമങ്ങളിൽ അവരേയും ഉൾപ്പെടുത്തുകയും അവർക്കു വേണ്ടിയും ഉൽപ്പന്നങ്ങൾ രൂപകൽപ്പന ചെയ്യേണ്ടതുണ്ടെന്നും സുധീർ സീതാപതി പറഞ്ഞു.

# ലോക ഭിന്നശേഷി ദിനം ആചരിച്ചു

**കൊച്ചി:** എറണാകുളം ജില്ലാ ഭരണകൂടം, ജില്ലാ പഞ്ചായത്ത്, സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസേബിലിറ്റി, കേരള സാമൂഹ്യ സുരക്ഷ മിഷൻ എന്നിവ സംയുക്തമായി അന്താരാഷ്ട്ര ഭിന്നശേഷി ദിനം ആചരിച്ചു. കാക്കനാട് ജില്ലാ പഞ്ചായത്ത് പ്രിയദർശനി ഹാളിൽ നടന്ന ചടങ്ങ് ജില്ലാ കളക്ടർ ജി. പ്രിയങ്ക ഉദ്ഘാടനം ചെയ്തു. ഒരു സമൂഹം സാമൂഹിക പുരോഗതി കൈവരിക്കുന്നത് എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളുമ്പോഴാണ്. ഭിന്നശേഷിക്കാരെ ഉൾക്കൊള്ളുന്ന സമൂഹമായി മാറുക എന്നത് നമ്മുടെ ലക്ഷ്യമാകണമെന്നും ജില്ലാ കളക്ടർ പറഞ്ഞു.

ചടങ്ങിൽ ഭിന്നശേഷി ബോധവൽക്കരണ കാമ്പയിൻ 'അൻപ് 2025' ന് കൊച്ചി സിറ്റി പോലീസ് കമ്മീഷണർ പുട്ട വിമലാദിത്യ തുടക്കം കുറിച്ചു. വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച ഭിന്നശേഷിക്കാരെയും ചടങ്ങിൽ ആദരിച്ചു.ജില്ലാ സാമൂഹ്യനീതി ഓഫീസർ ജോൺ ജോഷി അധ്യക്ഷനായി. അസിസ്റ്റന്റ് കളക്ടർ പാർവതി ഗോപകുമാർ, സ്റ്റേറ്റ് ഇനീഷിയേറ്റീവ് ഓൺ ഡിസബിലിറ്റി ജില്ലാ കോ ഓഡിനേറ്റർ ആർ ദിവ്യ, ലയൺ ഇന്റർനാഷണൽ ഡിസ്ട്രിക്ട് ഗവർണർ കെ.ബി ഷൈൻ കുമാർ, കൊച്ചി റോട്ടറി ക്ലബ്ബ് പ്രസിഡന്റ് ക്യാപ്റ്റൻ രമേഷ് കൃഷ്ണ എന്നിവർ പങ്കെടുത്തു.

# ഐഎംഡിബി 2025; ജനപ്രിയ ഇന്ത്യൻ താരങ്ങളെയും സംവിധായകരെയും പ്രഖ്യാപിച്ചു

**കൊച്ചി:** ഐഎംഡിബി 2025ലെ ഏറ്റവും ജനപ്രിയ ഇന്ത്യൻ താരങ്ങളെയും സംവിധായകരെയും പ്രഖ്യാപിച്ചു. സൈയാര സംവിധായകൻ മോഹിത് സൂരിയാണ് ഈ വർഷത്തെ ഏറ്റവും ജനപ്രിയ ഇന്ത്യൻ സംവിധായകൻ. ഈ ചിത്രത്തിലെ മികച്ച പ്രകടനത്തിന് യുവതാരങ്ങളായ അഹാൻ പാണ്ഡെയും അനീത് പദ്ദയും ഏറ്റവും മികച്ച അഭിനേതാക്കളുടെ പട്ടികയിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി. നേരത്തെ ഇരുതാരങ്ങളും ഐഎംഡിബിയുടെ ബ്രേക്ക്ഔട്ട് സ്റ്റാർ സ്റ്റാർമീറ്റർ അവാർഡ് നേടിയിരുന്നു.

ലോകമെമ്പാടുമുള്ള 250 ദശലക്ഷത്തിലധികം പ്രതിമാസ സന്ദർശകരുടെ പേജ് വ്യൂകളെ അടിസ്ഥാനമാക്കിയാണ് ഐഎംഡിബി പട്ടിക പ്രഖ്യാപിച്ചത്.

2025 ലെ ഏറ്റവും ജനപ്രിയരായ 10 ഇന്ത്യൻ താരങ്ങളുടെ പട്ടികയിൽ കല്യാണി പ്രിയദർശൻ ഏഴാം സ്ഥാനം നേടി. ആമിർ ഖാൻ, ഇഷാൻ ഖട്ടർ, ലക്ഷ്യ, രശ്മിക മന്ദാന, ത്രിപ്തി ദിമ്രി, രുക്മിണി വസന്ത്, ഋഷഭ് ഷെട്ടി എന്നിവരാണ് ആദ്യപത്തിൽ ഇടം നേടിയ മറ്റു താരങ്ങൾ. ഇഷാൻ ഖട്ടറും, തൃപ്തി ദിമ്രിയും കഴിഞ്ഞ വർഷവും ജനപ്രിയരായ ഇന്ത്യൻ താരങ്ങളുടെ പട്ടികയിൽ ഇടം നേടിയിരുന്നു. മികച്ച സംവിധായകരുടെ പട്ടികയിൽ പൃഥിരാജ് സുകുമാരൻ അഞ്ചാം സ്ഥാനവും, ഡൊമിനിക് അരുൺ എട്ടാം സ്ഥാനവും നേടി. ആര്യൻ ഖാൻ ആണ് മികച്ച രണ്ടാമത്തെ സംവിധായകൻ. പട്ടികയിൽ ഇടം നേടിയ ഏക സീരീസ് സംവിധായകനും അര്യനാണ്.

ലോകേഷ് കനഗരാജ്, അനുരാഗ് കശ്യപ്, ആർ.എസ്. പ്രസന്ന, അനുരാഗ് ബസു, ലക്ഷ്മൺ ഉടേക്കർ, നീരജ് ഗയ്വാൻ എന്നിവരും ജനപ്രിയ സംവിധായകരുടെ പട്ടികയിൽ ഇടം നേടി. നീരജ് ഗയ്വാൻ സംവിധാനം ചെയ്ത ഹോംബൗണ്ട്, 2026ലെ അക്കാദമി അവാർഡുകളിലേക്കുള്ള ഇന്ത്യയുടെ ഔദ്യോഗിക എൻട്രിയാണ്.

ഈ വർഷം ജനപ്രിയ ഇന്ത്യൻ താരങ്ങളുടെ വാർഷിക റാങ്കിങ്ങിനൊപ്പം, ആദ്യമായി ഐഎംഡിബി ജനപ്രിയ ഇന്ത്യൻ സംവിധായകരുടെ പട്ടികയും അവതരിപ്പിക്കുകയാണെന്ന് ഐഎംഡിബി ഇന്ത്യ മേധാവി യാമിനി പട്ടോഡിയ പറഞ്ഞു.

# ടൈപ്പ് 1 പ്രമേഹ ബാധിതരുടെ അതിജീവനം പങ്കുവച്ച് ബിയോണ്ട് ടൈപ്പ് 1




**കൊച്ചി:** ബിയോണ്ട് ടൈപ്പ് 1ന്റെ ആദ്യ ക്യാമ്പയിൻ ഇന്ത്യയിൽ അവതരിപ്പിച്ചു. സഹസ്ഥാപകനായ നിക്ക് ജോനാസും ബോർഡ് അംഗമായ പ്രിയങ്ക ചോപ്ര ജോനാസും ചേർന്നാണ് ഇന്ത്യയിൽ #ദിബിയോണ്ട്ടൈപ്പ് എന്ന പേരിൽ ക്യാമ്പയിന് തുടക്കമിട്ടത്. നിക്ക് ജോനാസ്, 10 വർഷം മുമ്പാണ് ബിയോണ്ട് ടൈപ്പ് 1 എന്ന പേരിൽ ഈ സ്ഥാപനം ആരംഭിച്ചത്. യഥാർഥ ജീവിതാനുഭവങ്ങൾ ഉയർത്തിക്കാട്ടിക്കൊണ്ട് ടൈപ്പ് 1 പ്രമേഹത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകളെ വെല്ലുവിളിക്കുകയും, ടൈപ്പ് 1 പ്രമേഹം വ്യക്തികളെ നിർവചിക്കുന്നില്ലെന്ന് തെളിയിക്കുകയും ചെയ്യുന്നതാണ് ഈ ക്യാമ്പയിൻ. അവബോധം വളർത്തുക, തെറ്റിദ്ധാരണകൾ കുറയ്ക്കുക, താഴെത്തട്ടിൽ നിർണായക പ്രവർത്തനങ്ങൾ ചെയ്യുന്ന പ്രാദേശിക സംഘടനകളെ പിന്തുണയ്ക്കുക എന്നിവയാണ് ഇതിന്റെ ലക്ഷ്യങ്ങൾ. 135 ദശലക്ഷം ഫോളോവേഴ്സുള്ള പ്രിയങ്ക ചോപ്ര ജോനാസും, നിക്ക് ജോനാസും, ബിയോണ്ട് ടൈപ്പ് 1 പേജും സംയുക്തമായാണ് അവരവരുടെ ഇൻസ്റ്റാഗ്രാം പോസ്റ്റിലൂടെ ക്യാമ്പയിൻ അവതരിപ്പിച്ചത്. ട്രയാത്ത്ലറ്റ് ലഫ്.കേണൽ കുമാർ ഗൗരവ്, 13 വയസ്സുള്ള കരാട്ടെ ചാമ്പ്യൻ മെഹ്റിൻ റാണ, പേസ്ട്രി ഷെഫ് നിഷാന്ത് അമീൻ, കളിപ്പാട്ട ഡിസൈനറും സംരംഭകയുമായ ശ്രേയ ജയിൻ, നർത്തകിയും നടിയുമായ ഇന്ദു തമ്പി, പച്ചക്കറി കച്ചവടക്കാരനും മാരത്തൺ ഓട്ടക്കാരനുമായ ഹരിച്ചന്ദ്രൻ പൊന്നുസാമി എന്നിവർ ക്യാമ്പയിനിലൂടെ തങ്ങളുടെ അനുഭവം പങ്കുവയ്ക്കുന്നു. ടൈപ്പ് 1 പ്രമേഹവുമായി ജീവിക്കുന്ന അസാധാരണരായ ആളുകൾ ഇന്ത്യയിലുണ്ടെന്നും, എന്നിട്ടും അവരുടെ കഥകൾ അപൂർവമായി മാത്രമേ കേൾക്കാറുള്ളൂവെന്നും പ്രിയങ്ക ചോപ്ര ജോനാസ് അഭിപ്രായപ്പെട്ടു. ഇന്ത്യയിൽ ടൈപ്പ് 1 പ്രമേഹത്തെ കുറിച്ച് അവബോധം കുറവാണെന്നും, ഇതേകുറിച്ചുള്ള തെറ്റിദ്ധാരണകൾ മാറ്റാനും അവബോധം സൃഷ്ടിക്കാനുമാണ് പുതിയ ക്യാമ്പയിൻ ലക്ഷ്യമിടുന്നതെന്നും നിക്ക് ജോനാസ് പറഞ്ഞു.

# സംസ്കൃതദിനം ആചരിച്ച് സംസ്കൃ സർവ്വകലാശാല

■ ശ്രീസോമനാഥ സംസ്കൃതശാല വൈസ് ചാൻസിലറായിരുന്ന ഗോപബന്ധു മിശ്ര മുഖ്യപ്രഭാഷണം നടത്തി

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ മുഖ്യകേന്ദ്രത്തിലും വിവിധ പ്രാദേശിക കേന്ദ്രങ്ങളിലും ആഗസ്റ്റ് ഒൻപത് മുതൽ നടന്നു വന്ന സംസ്കൃതദിനാഘോഷങ്ങളുടെ സമാപനം കാലടി മുഖ്യ കാമ്പസിലെ അക്കാദമിക് ബ്ലോക്കിലുള്ള സെമിനാർ ഹാളിൽ നടന്നു. സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ പ്രൊഫ. കെ. കെ ഗീതാകുമാരി നിർവ്വഹിച്ചു.




സിൻഡിക്കേറ്റ് അംഗം പ്രൊഫ. വി. ലിസി മാത്യു അദ്ധ്യക്ഷത വഹിച്ചു. ബനാറസ് ഹിന്ദു സർവ്വകലാശാലയിലെ സംസ്കൃത വിഭാഗം സീനിയർ പ്രൊഫസറും ശ്രീ സോമനാഥ സംസ്കൃത സർവ്വകലാശാലയുടെ വൈസ് ചാൻസലറുമായിരുന്ന ഗോപബന്ധുമിശ്ര മുഖ്യപ്രഭാഷണം നടത്തി. കേരള സർവ്വകലാശാലയിലെ ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് മാനുസ്ക്രിപ്റ്റ് ലൈബ്രറിയുടെ മുൻ ഡയറക്ടർ ഡോ. പി. വിശാലാക്ഷി, കോട്ടയ്ക്കൽ ആര്യ വൈദ്യശാലയുടെ മാനേജിംഗ് ട്രസ്റ്റിയും ചീഫ് ഫിസിഷ്യനുമായ ഡോ. പി. മാധവൻകുട്ടി വാര്യർ, നാടക രംഗത്തെ സമഗ്ര സംഭാവനകൾ പരിഗണിച്ച് എം. കെ. സുരേഷ്ബാബു എന്നിവരെ യോഗത്തിൽ ആദരിച്ചു.

സംസ്കൃതദിനത്തോട് അനുബന്ധിച്ച് നടത്തിയ വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് സിൻഡിക്കേറ്റ് അംഗം പ്രൊഫ.വി.ലിസി മാത്യു സമ്മാനങ്ങൾ വിതരണം ചെയ്തു.

സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. കെ.എസ്. അരുൺകുമാർ, പ്രൊഫ. എം.സത്യൻ, രജിസ്ട്രാർ ഡോ. മോത്തി ജോർജ്, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് വിഭാഗം ഡയറക്ടർ പ്രൊഫ. കെ. വി. അജിത്കുമാർ, ഡോ.എസ് ഷീബ എന്നിവർ പ്രസംഗിച്ചു. തുടർന്ന് വാക്യാർത്ഥസഭ സംഘടിപ്പിച്ചു.

# ക്രിസ്മസ് ട്രീയിൽ തിരിതെളിഞ്ഞു; ഇനി ആഘോഷക്കാലം



**കൊച്ചി:** ക്രിസ്മസ് ട്രീയിൽ തിരി തെളിക്കുന്ന ചടങ്ങോടെ, ക്രിസ്മസ് മാസ ആഘോഷങ്ങൾക്ക് തുടക്കം കുറിച്ച് കൊച്ചി മാരിയറ്റ് ഹോട്ടൽ. പരമ്പരാഗത ക്രിസ്മസ് ചടങ്ങുകളും, ഹോട്ടലിന്റെ തനതായ സൗന്ദര്യവും സമമ്പയിപ്പിച്ചുള്ള സായാഹ്നമായിരുന്നു, സന്ദർശകർക്കും, വിശിഷാടിതിഥകൾക്കുമായി അധികൃതർ ഒരുക്കിയത്. ഇതോടൊപ്പം, 2025 ലെ ഗ്ലോബൽ കസ്റ്റമർ അപ്രീസിയേഷൻ വാരവും ആചരിച്ചു. 'മാരിയറ്റ് ബോൺവോയ് യാത്ര നമ്മെ രൂപപ്പെടുത്തുന്നു' എന്ന ഈ വർഷത്തെ പ്രമേയം ഉൾക്കൊണ്ടുള്ള ആഘോഷപരിപാടികളാണ് അരങ്ങേറിയത്.

ചലച്ചിത്ര താരം ലിയോണ ലിഷോയ് ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. ഏറെ പ്രിയപ്പെട്ട ഒരു പരമ്പരാഗത ചടങ്ങിനായി എല്ലാവരെയും ഒരുമിപ്പിക്കാനായതിൽ വളരെയധികം സന്തോഷമുണ്ടെന്ന്, കൊച്ചി മാരിയറ്റ് ഹോട്ടൽ ജനറൽ മാനേജർ സച്ചിൻ മൽഹോത്ര പറഞ്ഞു. ഗ്ലോബൽ കസ്റ്റമർ അപ്രീസിയേഷൻ വീക്ക് എന്നത്, അതിഥികളോടുള്ള നന്ദി പ്രകടിപ്പിക്കാനും, അവരുമായുള്ള ബന്ധം ദൃഢമാക്കാനും, ആഘോഷിക്കാനുമുള്ള സമയമാണ്. ഈ ചടങ്ങിനെ വേറിട്ടതാക്കാൻ ഞങ്ങളോടൊപ്പം ചേർന്ന ഏവർക്കും ഹൃദയത്തിൽ നിന്നുള്ള നന്ദി രേഖപ്പെടുത്തുന്നതായും സച്ചിൻ മൽഹോത്ര വ്യക്തമാതക്കി.

ചടങ്ങിൽ ജനറൽ മാനേജർ സച്ചിൻ മൽഹോത്ര, മൾട്ടി പ്രോപ്പർട്ടി ഡയറക്ടർ (സെയിൽസ് ആന്റ് മാർക്കറ്റിംഗ്) ഷാരോൺ രാജ്, മൾട്ടി പ്രോപ്പർട്ടി മാർക്കറ്റിംഗ് മാനേജർ നിക്കി എസ്തർ ജോൺ, ഫുഡ് ആന്റ് ബിവറേജസ് ഡയറക്ടർ ശ്യാംജിത്ത് വേണുഗോപാൽ, എക്സിക്യൂട്ടീവ് ഷെഫ് സുരേഷ് ബാബു തുടങ്ങിയവർ പങ്കെടുത്തു. വൈവിദ്ധ്യമാർന്ന വിഭവങ്ങൾ അണിനിരന്ന അത്താഴവിരുന്നോടെയാണ് ചടങ്ങുകൾ സമാപിച്ചത്.

# 2026 വർഷം നിക്ഷേപ അവസരങ്ങളുടേതാകുമെന്ന് മാർക്കറ്റ് ഔട്ട്ലുക്ക്

**കൊച്ചി:** പലിശ നിരക്കുകൾ കുറയാനുള്ള സാധ്യതയും ഘടനാപരമായ അടിസ്ഥാന മാറ്റങ്ങളും പ്രതീക്ഷിക്കുന്നതിന്റെ പശ്ചാത്തലത്തിൽ 2026 വർഷം മികച്ച നിക്ഷേപ അവസരങ്ങളുടേതാകുമെന്ന് കൊട്ടക് മഹീന്ദ്ര അസറ്റ് മാനേജ്മെന്റ് കമ്പനി (കൊട്ടക് മ്യൂച്വൽ ഫണ്ട്) പുറത്തിറക്കിയ 2026ലേക്കുള്ള മാർക്കറ്റ് ഔട്ട്ലുക്ക് റിപ്പോർട്ട്. വരും വർഷം രാജ്യത്തെ സാമ്പത്തിക വിപണിയെ നിർണിക്കാൻ പോകുന്ന വിശാല സാമ്പത്തിക പരിസ്ഥിതിയും പ്രധാന നിക്ഷേപ മേഖലകളും സമഗ്രമായി പ്രതിപാദിക്കുന്നതാണ് റിപ്പോർട്ടെന്ന് കൊട്ടക് മഹീന്ദ്ര എഎംസി മാനേജിംഗ് ഡയറക്ടർ നിമേഷ് ഷാ പറഞ്ഞു.

ഓഹരികൾ, സ്ഥിരനിക്ഷേപങ്ങൾ തുടങ്ങിയ മേഖലകളിലെ നിക്ഷേപ സാധ്യതകളും ആഗോള, ആഭ്യന്തര വിപണികളിൽ നിക്ഷേപകർ നിരീക്ഷിക്കേണ്ട സംഗതികളും റിപ്പോർട്ട് വിലയിരുത്തുന്നു. 2026–27 സാമ്പത്തികവർഷം രാജ്യം ഇരട്ടയക്ക വളർച്ച പ്രതീക്ഷിക്കുന്നതിന്റെ പശ്ചാത്തലത്തിൽ ഓഹരി നിക്ഷേപ മേഖലയും മികച്ച വളർച്ച കാഴ്ച വെയ്ക്കുമെന്ന പ്രതീക്ഷയും റിപ്പോർട്ട് പങ്കുവെയ്ക്കുന്നു. വിദേശ നിക്ഷേപകരെ ആകർഷിക്കാൻ ഇത് വഴി തുറക്കുമെന്നും മിഡ്ക്യാപ് ഓഹരികൾ ലാർജ്, സ്മോൾ ക്യാപ് ഓഹരികളേക്കാൾ മികച്ച വളർച്ച കാണിക്കുമെന്നും റിപ്പോർട്ട് പറയുന്നു. സ്വർണം, വെള്ളി എന്നിവയുടെ വിലക്കയറ്റവും തുടരും.

കൂടുതൽ വായ്പകൾ നൽകപ്പെടുമെന്നും വായ്പാ നിക്ഷേപ അനുപാതം ഉയരുമെന്നും റിപ്പോർട്ട് പ്രവചിക്കുന്നു. വരുമാന വർധന, ജിഎസ്ടി പരിഷ്കാരങ്ങൾ, ഉത്സവകാല ഡിമാൻഡ് എന്നിവയിലൂടെ ഉപഭോഗം വർധിക്കും. ഗ്രാമീണ പ്രതിശീർഷ വരുമാനം 2000 ഡോളർ എന്ന നാഴികക്കല്ല് കടന്നതും റിപ്പോർട്ട് ഉയർത്തിക്കാട്ടുന്നു. ആഗോള തലത്തിൽ താരതമ്യം ചെയ്താൽ ഇന്ത്യയിൽ ഇപ്പോവും ടൂവീലർ, യാത്രാവാഹനങ്ങൾ എന്നിവയ്ക്കും റിപ്പോർട്ട് മികച്ച വളർച്ചാ സാധ്യത കൽപ്പിക്കുന്നു. ഇകോമേഴ്സ്, ആരോഗ്യമേഖല തുടങ്ങിയ മേഖലകളും മെച്ചപ്പെട്ട അവസരങ്ങൾ തുറന്നിടുമെന്നും റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. സ്ഥിരനിക്ഷേപ വിപണി റേറ്റിംഗിൽ 2026 ജനുവരിയിൽത്തന്നെ രാജ്യം ബ്ലൂംബെർഗ് ഗ്ലോബൽ അഗ്രിഗേറ്റ് ഇൻഡെക്സിൽ ഇടം പിടിക്കുമെന്നും റിപ്പോർട്ട് പറുന്നു. 25 ബില്യൺ ഡോളറാണ് ഈ മേഖലയിൽ പ്രതീക്ഷിക്കുന്ന നിക്ഷേപങ്ങൾ.

# ലുലു ട്രാവൽ ഫെസ്റ്റിന് തുടക്കമായി

**കൊച്ചി** :ലുലു ട്രാവൽ ഫെസ്റ്റിന് തുടക്കമായി. യാത്രകൾക്ക് ആവശ്യമായ ട്രാവൽ ബാഗുകൾ, ആക്സസറീസ് എന്നിവ 70 ശതമാനം വരെ വിലക്കുറവിൽ സ്വന്തമാക്കാൻ ലുലു ട്രാവൽ ഫെസ്റ്റിലൂടെ സാധിക്കും.

ലോകോത്തര ബ്രാൻഡുകൾക്ക് വമ്പൻ ഓഫറുകളാണ് പ്രഖ്യാപിച്ചിരിക്കുന്നത്. അമേരിക്കൻ ടൂറിസ്റ്റർ, സഫാരി, വിഐപി, സ്കൈബാഗ്സ്, മൊകോബാര, ടോമി ഹിൽഫിഗർ തുടങ്ങി നിരവധി ബ്രാൻഡുകളുടെ ബാഗുകളും ട്രാവൽ അക്സസറീസുമാണ് ഫെസ്റ്റിലുള്ളത്. ട്രോളി ബാഗുകൾ, ഓഫീസ് ബാഗുകൾ, ബാക്ക്പാക്ക് ബാഗ്സ്, നെക്ക് പില്ലോ തുടങ്ങി നിരവധി പ്രൊഡക്ടുകളാണ് ഫെസ്റ്റിൽ അണിനിരക്കുന്നത്. മേള ഡിസംബർ 11ന് സമാപിക്കും.

# ഹെൽത്തി ഏജിങ് ഗ്ലോബൽ കോൺക്ലേവിന് ഇന്ന് മുതൽ

**കൊച്ചി:** മുതിർന്ന പൗരന്മാരുടെ ആരോഗ്യസംരക്ഷണം ശാസ്ത്രീയമായി പുനർനിർവചിക്കുകയെന്ന ലക്ഷ്യത്തിൽ പാംകെയർ സംഘടിപ്പിക്കുന്ന ഗ്ലോബൽ കോൺക്ലേവ് ഓൺ ഹെൽത്തി ഏജിംഗ് ഇന്നും നാളെയും തൃക്കാക്കര ചിറ്റിലപ്പിള്ളി സ്ക്വയറിൽ നടക്കും. ഇന്ന് രാവിലെ 10 ന് നടക്കുന്ന ചടങ്ങിൽ ചലച്ചിത്ര താരം അനൂപ് മേനോൻ കോൺക്ലേവ് ഉദ്ഘാടനം ചെയ്യും. ആരോഗ്യ, സാമ്പത്തിക, നിയമ, സാങ്കേതിക മേഖലയിലെ വിദഗ്ദർ കോൺക്ലേവിൽ പങ്കെടുക്കും.

പാംകെയർ സീനിയർ ലിവിംഗ് പ്രൈവറ്റ് ലിമിറ്റഡ് കോതമംഗലത്ത് ആരംഭിക്കുന്ന പ്രോജെക്ടിന്റെ സോഫ്റ്റ് ലോഞ്ച് വൈകുന്നേരം 5.30 ന് മുൻ കേന്ദ്രമന്ത്രിയും സംസ്ഥാന സർക്കാരിന്റെ പ്രത്യേക പ്രതിനിധിയുമായ പ്രൊഫ. കെ.വി തോമസ് നിർവ്വഹിക്കും. മികച്ച ജെറിയാട്രിക് ഡോക്ടർക്കുള്ള അവാർഡ് എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിലെ ജെറിയാട്രിക് വിഭാഗം മേധാവി ഡോ. ജിനു ജോയിക്ക് ചടങ്ങിൽ സമ്മാനിക്കും.

രാജഗിരി ആശുപത്രി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോൺസൺ വാഴപ്പിള്ളി സി.എം. ഐ മുഖ്യപ്രഭാഷണം നടത്തും. ഹൃദയരോഗ ശസ്ത്രക്രിയ വിദ്ഗധൻ ഡോ. ജോസ് ചാക്കോ പെരിയപ്പുറം, കെ.എൽ.എം ആക്സിവ എക്സിക്യൂട്ടീവ് ഡയറക്ടർ ഷിബു തെക്കുംപുറം, ഇ.വി.എം ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡ് ചെയർമാൻ ജെയിംസ് മാത്യു, പാംകെയർ സീനിയർ ലിവിംഗ് പ്രൈവറ്റ് ലിമിറ്റഡ് ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ ബാബു ജോസഫ് തുടങ്ങിയവർ സംസാരിക്കും.

# ഇന്ത്യക്കായി എഐ തുറന്ന് ആമസോൺ

**കൊച്ചി:** ആക്സസബിലിറ്റി, പ്രോഡക്ടിവിറ്റി, ഡിജിറ്റൽ ഇൻക്ലൂഷൻ എന്നിവ വർധിപ്പിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ എഐ ദൗത്യത്തെ പിന്തുണച്ചുകൊണ്ട്, 2030ഓടെ ദശലക്ഷക്കണക്കിന് ഇന്ത്യക്കാർക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എത്തിക്കാനുള്ള പദ്ധതികൾ ആമസോൺ പ്രഖ്യാപിച്ചു. ലോക്കൽ ക്ലൗഡ്, എഐ അടിസ്ഥാന സൗകര്യങ്ങൾക്കായി 12.7 ബില്യൺ ഡോളർ നിക്ഷേപിക്കാനാണ് ആമസോൺ ഒരുങ്ങുന്നത്. കൂടാതെ കമ്പനിയുടെ വിവിധ ബിസിനസുകളിലൂടെ 15 ദശലക്ഷത്തിലധികം ചെറുകിട ബിസിനസുകൾക്ക് എഐയുടെ പ്രയോജനങ്ങൾ എത്തിക്കുകയും ചെയ്യും. 2030ഓടെ 4 ദശലക്ഷം സർക്കാർ സ്കൂൾ വിദ്യാർഥികൾക്ക് എഐ സാക്ഷരതയും കരിയർ അവബോധവും നൽകാനും ആമസോൺ ലക്ഷ്യമിടുന്നുണ്ട്. ആമസോണിലെ കോടിക്കണക്കിന് ഉപഭോക്താക്കൾക്ക് ഷോപ്പിങ് കൂടുതൽ എളുപ്പമുള്ളതും ആകർഷകവുമാക്കാൻ കമ്പനിയുടെ എഐ സംവിധാനം തുടരുകയും ചെയ്യും.

# അസറ്റ് ചേംബർ ഉദ്ഘാടനം ചെയ്തു




**കണ്ണൂർ:** അസറ്റ് ഹോംസ് നിർമാണം പൂർത്തിയാക്കിയ 91ാമത് പാർപ്പിട പദ്ധതിയായ കണ്ണൂർ മേലെ ചൊവ്വയിലെ അസറ്റ് ചേംബർ കെ. സുധാകരൻ എം.പി, അസറ്റ് ഹോംസ് ബ്രാൻഡ് അംബാസഡറായ പൃഥിരാജ് സുകുമാരൻ, അസറ്റ് ഹോംസ് സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ വി. സുനിൽ കുമാർ, ഡയറക്ടർ ഡോ. ഹസ്സൻ കുഞ്ഞി, ജോയിന്റ് വെഞ്ചർ പാർട്ണർ ദീപാ പ്രഭാകരൻ എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. കണ്ണൂർ കോർപ്പറേഷൻ കൗൺസിലർ പ്രകാശൻ പയ്യനാടൻ, അസറ്റ് ഹോംസ് സി.ഇ.ഒ ടോണി ജോൺ, സോണൽ ഹെഡ് പ്രശാന്ത് ആലിൻകീൽ തുടങ്ങിയവർ പ്രസംഗിച്ചു.

പൃഥിരാജ് സുകുമാരൻ, വി.സുനിൽ കുമാർ, ഡോ. ഹസ്സൻ കുഞ്ഞി എന്നിവർ ചേർന്ന് അസറ്റ് ചേംബറിലെ 82 സൂപ്പർ ലക്ഷറി അപ്പാർട്ട്മെന്റ് ഉടമകൾക്ക് താക്കോൽ കൈമാറി. 2, 3 ബെഡ്റൂം സൂപ്പർ ലക്ഷറി അപ്പാർട്ട്മന്റുകൾ ഉൾപ്പെട്ട പദ്ധതിയിൽ മൾട്ടിറിക്രിയേഷൻ ഹാൾ, ഇൻഫിനിറ്റി പൂൾ, ഫിറ്റ്നസ് സെന്റർ, റെയിൻവാട്ടർ ഹാർവെസ്റ്റിംഗ്, രണ്ട് ഇലക്ട്രിക് കാർ ചാർജിംഗ് സ്റ്റേഷനുകൾ, പൊതു ഇടങ്ങളിൽ സോളാർ വൈദ്യുതിയിൽ പ്രവർത്തിക്കുന്ന ലൈറ്റിംഗ് തുടങ്ങിയ നൂതന സൗകര്യങ്ങളുമുണ്ട്. 19 വർഷത്തിനുള്ളിൽ 91 പദ്ധതികൾ പൂർത്തിയാക്കിയ അസറ്റ് ഹോംസിന്റെ 33 പദ്ധതികൾ സംസ്ഥാനത്തെ പത്തു ജില്ലയിലായി നിർമാണത്തിന്റെ വിവിധ ഘട്ടങ്ങളിലുണ്ട്.







# പ്രീമിയം ഹോബ്സും ചിമ്മിനിയും അവതരിപ്പിച്ച് ക്രോംപ്ടൺ

**കൊച്ചി:** ക്രോംപ്ടൺ ഗ്രീവ്സ് കൺസ്യൂമർ ഇലക്ട്രിക്കൽസ് ലിമിറ്റഡ് പ്രീമിയം അടുക്കള ഉൽപ്പന്ന നിരകളായ വിയോണ ഹോബ്സ്, എലീറ്റിയോ ബിഎൽഡിസി ചിമ്മിനി എന്നിവ അവതരിപ്പിച്ചു. സീൽ ചെയ്ത ബർണർ സംവിധാനം, ഡയറക്ട് ഫ്ളേം ബർണറുകൾ, ഫ്ളേം ഫെയിലിയർ ഡിവൈസ്, ഹൈബ്രിഡ് ഹോബ്ടോപ്പ് ഡിസൈൻ എന്നിവയാണ് വിയോണ ഹോബ്സ് സീരീസിന്റെ സവിശേഷതയെന്ന് ക്രോംപ്ടൺ ഗ്രീവ്സ് കൺസ്യൂമർ ഇലക്ട്രിക്കൽസ് ലിമിറ്റഡിന്റെ ലാർജ് കിച്ചൺ അപ്ലയൻസസ് ആൻഡ് ന്യൂ ബിസിനസസ് മേധാവി ആരുഷി അഗർവാൾ പറഞ്ഞു. എലീറ്റിയോ ബിഎൽഡിസി ചിമ്മിനി സീരീസ് റാപ്പിഡ് സക്ഷൻ, ഇന്റലിജന്റ് ഓട്ടോക്ലീൻ, സ്മാർട്ട് ഓൺ എന്നിവയോട് കൂടിയുള്ളതാണ്. സ്മാർട്ട് ഇൻസൈഡ് ആൻഡ് സ്റ്റണ്ണിംഗ് ഔട്ട്സൈഡ് എന്ന തീമിലുള്ള എലീറ്റിയോ ബിഎൽഡിസി ചിമ്മിനികളും വിയോണ പ്രീമിയം ഹോബുകളും 'ഉപഭോക്താവ് ആദ്യം' എന്ന ക്രോംപ്ടൺ വാഗ്ദാനത്തെ പ്രതിഫലിപ്പിക്കുന്നതാണെന്നും ആരുഷി അഗർവാൾ പറഞ്ഞു. ക്രോംപ്ടൺ വിയോണ ഹോബ്സ് സീരീസും എലീറ്റിയോ ബിഎൽഡിസി ചിമ്മിനികളും അംഗീകൃത റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ ലഭ്യമാണ്.

# ലേസർ എം300 ശ്രേണിയുമായി എച്ച്പി



**കൊച്ചി:** പുതിയ ലേസർ എം300 പ്രിന്റർ ശ്രേണിയുമായി എച്ച്പി. മിതമായ വിലയിൽ വേഗതയേറിയ പ്രിന്റിംഗ്, ഓട്ടോ ഡ്യൂപ്ലെക്സ് ശേഷി, മൊബൈൽ പ്രിന്റിംഗ് എന്നിവയാണ് എച്ച്പി ലേസർ എം300 യുടെ പ്രത്യേകതകൾ. ചെറുകിട ഇടത്തരം വാണിജ്യസ്ഥാപനങ്ങൾ, പ്രിന്റ് ഷോപ്പുകൾ, വളർന്നുവരുന്ന ബിസിനസുകൾ എന്നിവയ്ക്കായി രൂപകൽപന ചെയ്തിരിക്കുന്ന ലേസർ എം300 സീരീസിൽ മിനിറ്റിൽ 30 പേജ് വരെ പ്രിന്റ് ചെയ്യാം. കാട്രിഡ്ജുകൾ മാറ്റാതെ തന്നെ 1,500 മുതൽ 3,000 വരെ പേജുകൾ തടസ്സമില്ലാതെ പ്രിന്റ് ചെയ്യാനും സാധിക്കും.

എച്ച്പി ആപ്പ് വഴിയുള്ള മൊബൈൽ പ്രിന്റിഗിലൂടെ സ്മാർട്ട്ഫോണുകളിൽ നിന്ന് നേരിട്ട് പ്രിന്റ് ചെയ്യാനുള്ള സൗകര്യവുമുണ്ടെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. എച്ച്പി ലേസർ എം300 സീരീസിലെ അഞ്ച് മോഡലുകൾക്ക് 13,999 രൂപ മുതൽ 25,499 രൂപ വരെയാണ് വില. ഒതുക്കമുള്ള ഡിസൈൻ, വേഗതയേറിയ പ്രകടനം, വിശ്വസനീയമായ ഔട്ട്പുട്ട്, കാര്യക്ഷമമായ പ്രവർത്തനം എന്നിവ വാഗ്ദാനം ചെയ്യുന്ന എച്ച്പി ലേസർ എം300 സീരീസ് ചെറുകിട ഇടത്തരം ബിസിനസ്സുകളെ സംബന്ധിച്ചിടത്തോളം, പരിപാലിക്കാൻ എളുപ്പമുള്ളതും തടസ്സങ്ങളില്ലാതെ ദൈനംദിന ജോലിഭാരം കൈകാര്യം ചെയ്യാൻ കഴിയുന്നതുമായ പ്രിന്ററുകളാണ്.




# വെള്ളിവില കുതിക്കുന്നു

**മുംബൈ:** വെള്ളിയുടെ വില സ്വർണത്തേക്കാൾ വേഗത്തിൽ കുതിക്കുന്നു. ഇന്ത്യയിൽ വെള്ളി വില രണ്ടു ലക്ഷത്തെ ഉറ്റുനോക്കി മുന്നേറുകയാണ്. ഇന്ത്യൻ വിപണിയിൽ ഒരുകിലോ വെള്ളിയുടെ വില ഇന്നലെ കിലോയ്ക്ക് 1,84,727 രൂപയിലെത്തി. 3,126 രൂപയുടെ വർധനയാണ് ഉണ്ടായിരിക്കുന്നത്.

സ്വർണ ഫ്യൂച്ചേഴ്സ് 10 ഗ്രാമിന് 1,30,766 ആയി ഉയർന്നു. അന്താരാഷ്ട്ര വിപണിയിലെ ശക്തമായ ആവശ്യകതയാണ് ഈ രണ്ടു അമൂല്യലോഹങ്ങളുടെ വില ഉയർത്തുന്നത്. ഡോളറിനെതിരേ രൂപയുടെ മൂല്യത്തിൽ അഭൂതപൂർവമായ ഇടിവ് ഈ ലോഹങ്ങളുടെ വില ഉയരാൻ കാരണമായെന്ന് വിപണി വിദഗ്ധർ അഭിപ്രായപ്പെട്ടു.

മൾട്ടി കമ്മോഡിറ്റി എക്സ്ചേഞ്ചിൽ (എംസിഎക്സ്) 2026 ഫെബ്രുവരിയിലെ സ്വർണ ഫ്യൂച്ചറുകൾ 1,007 രൂപ (0.78%) വർധിച്ച് 10 ഗ്രാമിന് 1,30,766 രൂപയിലെത്തി. എംസിഎക്സിൽ, വെള്ളി ഫ്യൂച്ചറുകൾ അഭൂതപൂർവമായ നിലവാരത്തിലെത്തി. വെളുത്ത ലോഹത്തിനായുള്ള 2026 മാർച്ചിലെ കരാർ 3,126 രൂപ (1.72%) ഉയർന്ന് കിലോഗ്രാമിന് 1,84,727 രൂപയിലെത്തി.

അടുത്ത ആഴ്ച യുഎസ് ഫെഡറൽ റിസർവ് പലിശ നിരക്ക് കുറയ്ക്കാൻ സാധ്യതയുണ്ടെന്ന് വ്യാപകമായ പ്രതീക്ഷയാണ് അന്താരാഷ്ട്ര വിപണിയിൽ സ്വർണം, വെള്ളി ഫ്യൂച്ചറുകൾ വർധിക്കാൻ കാരണമായതെന്നാണ് വിലയിരുത്തുന്നത്.

ഡിസംബറിൽ, കോമെക്സിലെ സ്വർണ ഫ്യൂച്ചറുകൾ ഔൺസിന് 29.3 ഡോളർ (0.7 %) ഉയർന്ന് 4,215.9 ഡോളറിലെത്തി. 2026 ഫെബ്രുവരിയിലെ ഫ്യൂച്ചറുകൾ ഔൺസിന് 39.3 ഡോളർ (0.93%) വർധിച്ച് 4,260.1 ഡോളറിലെത്തി.

2025ൽ വെള്ളിയിൽ വലിയ കുതിപ്പാണുണ്ടായത്. 95 ശതമാനത്തിന് മുകളിലാണ് വർധനയുണ്ടായത്. മറ്റേതൊരു നിക്ഷേപത്തിലേക്കാൾ നേട്ടം തരാൻ വെള്ളിക്ക് സാധിക്കുന്നു. ആഭരണമായും നിക്ഷേപമായും മാത്രമല്ല വെള്ളിയുടെ സാധ്യത. ശക്തമായ വ്യാവസായിക ഡിമാൻഡ്, നിലനിൽക്കുന്ന ആഗോള വിതരണ കമ്മി എന്നിവയെല്ലാം വെള്ളിയുടെ കുതിപ്പിനു കാരണമാകുന്നു.

ആഗോളതലത്തിൽ വെള്ളിയുടെ 60 ശതമാനത്തോളം വ്യാവസായിക ഉപയോഗത്തിനാണ്. വെള്ളിക്ക് മികച്ച വൈദ്യുത ചാലകത ഉള്ളതിനാൽ സൗരോർജ വ്യവസായത്തിൽ സോളാർ പാനൽ നിർമാണത്തിന് അത്യന്താപേക്ഷിതമാണ്. 5ജി സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട ഉപകരണങ്ങളിലും വൈദ്യുത വാഹനങ്ങൾ മുതൽ കൃത്രിമ ഉപഗ്രഹങ്ങൾ വരെയുള്ളവയിൽ വെള്ളി അവശ്യഘടകമാണ്.

